# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ കെ ഡി/പി 7/1699/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 02/12/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ കെ കെ ഡി/പി 7/1699/2023 തീയ്യതി: 02/12/2023

## കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-12-2022 മുതൽ 11-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ജോഷോ ബെന്നറ്റ് ജോൺ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 12-10-2023 | 20-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-10-2023 | 20-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഗിരീശൻ പാറപ്പൊയിൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.രബിത. ടി.പി, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ധന്യ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.അശ്വതി.ജെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ഉണ്ണി വേങ്ങേരി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. അനിതകുമാരി.ഐ | സെക്രട്ടറി | 01-04-2022 | 04-06-2022 |
| ശ്രീ സുജീഷ്.പി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-06-2022 | 15-06-2022 |
| ശ്രീമതി. അനിതകുമാരി.ഐ | സെക്രട്ടറി | 16-06-2022 | 19-08-2022 |
| ശ്രീ സുജീഷ്.പി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-08-2022 | 22-09-2022 |
| ശ്രീ .പ്രകാശ്.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-09-2022 | 25-09-2022 |
| ശ്രീമതി. അനിതകുമാരി.ഐ | സെക്രട്ടറി | 26-09-2022 | 30-09-2022 |
| ശ്രീ സുജീഷ്.പി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-10-2022 | 05-10-2022 |
| ശ്രീമതി . രതീദേവി.എം | സെക്രട്ടറി | 06-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സുജീഷ്.പി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.സുധീർനാഥ് കെ.സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 27-12-2022 |
| ശ്രീമതി.സോണി.എം.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 28-12-2022 | 31-03-2023 |
| ഡോ. വിജിത | വെറ്ററിനറി സർജൻ | 01-04-2022 | 30-06-2022 |
| ഡോ. ജിത്തു | വെറ്റിനറി സർജൻ | 26-11-2022 | 26-11-2022 |
| ഡോ.അശ്വതി.എസ് | വെറ്റിനറി സർജൻ | 27-11-2022 | 31-03-2023 |
| ശ്രീമതി.നീതു വർഗ്ഗീസ് | ഐ.സി ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 15-05-2022 |
| ശ്രീമതി. രജനി.സി | ഐ.സി ഡി.എസ്. സൂപ്പർവൈസർ | 16-05-2022 | 14-06-2022 |
| ശ്രീമതി.നീതു വർഗ്ഗീസ് | ഐ.സി ഡി.എസ്. സൂപ്പർവൈസർ | 15-06-2022 | 03-07-2022 |
| ശ്രീമതി. രജനി.സി | ഐ.സി ഡി.എസ്. | 04-07-2022 | 17-07-2022 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| ശ്രീമതി.നീതു വർഗ്ഗീസ് | ഐ.സി ഡി.എസ്. സൂപ്പർവൈസർ | 18-07-2022 | 07-01-2023 |
| ശ്രീമതി.മോനിഷ | ഐ.സി ഡി.എസ്. സൂപ്പർവൈസർ | 08-01-2023 | 31-03-2023 |
| ശ്രീ ജിജോ ജോസഫ് | കൃഷി ഓഫീസർ | 01-04-2022 | 30-10-2022 |
| ശ്രീ.അരുൺ ജോസ് | കൃഷി ഓഫീസർ | 31-10-2022 | 31-03-2023 |
| ഡോ.ആനന്ദൻ | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ.ഷൈജു | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീമതി. ജംഷീറ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീ. സോജോ എ നെറ്റോ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീ. വിജയൻ | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ.ജയപ്രകാശ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ശ്രീമതി. റിജുല എ എം | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 06-05-2022 |
| ശ്രീ.റിൻജേഷ് എ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 07-05-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | എല്ലാ  പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | സ്ഥിരനിക്ഷേപത്തിന്റെ വിവരം വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല | 1-1-3 |
| 5 | ഇ-ടെണ്ടർ ഫീ ഉൾപ്പെടുത്തിയില്ല | 1-1-4 |
| 6 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-5 |
| 7 | സ്ഥാപനത്തിന്റെ ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല. | 1-1-6 |
| 8 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി. | 1-1-7 |
| 9 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ വായ്പാ രജിസ്റ്റർ സൂക്ഷിക്കുന്നില്ല . | 1-1-8 |
| 10 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുക- വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല . | 1-1-9 |
| 11 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ സ്റ്റോർസിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല . | 1-1-10 |
| 12 | ലോൺ രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | വികസന ഫണ്ട് പൊതു വിഭാഗത്തിൽ വാർഷിക കണക്കിലെ ചെലവും ചെലവു പത്രികയിലെ ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു . | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 19 | ടാക്സ് ഓഡിറ്റ് | 1-7 |
| 20 | തൊഴിൽ നികുതി ഡിമാന്റ് പൂർണ്ണമല്ല. | 1-8 |
| 21 | പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിങ് ചെലവുകൾ - പ്രിന്റിംഗ് ചെലവ് - കൃത്യത ഉറപ്പു വരുത്തുന്നില്ല. | 1-9 |
| 22 | ബാധ്യതയിൽ ഉൾപ്പെടാത്ത ഇനത്തിന് തുക നൽകി | 1-10 |
| 23 | കൃഷി ആവശ്യത്തിനുള്ള ജലസേചന പമ്പ് സെറ്റ് - ആവശ്യകത നിർണ്ണയിക്കാതെ അനുവദിച്ചു | 1-11 |

| | | |
|---|---|---|
| 24 | അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ഗ്രാമ പഞ്ചായത്ത് വൻ തുക ചെലവഴിക്കുന്നു . | 1-12 |
| 25 | ഇ ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നില്ല | 1-13 |
| 26 | അർഹമായതിലും അധികം തുക ഗുണഭോക്താവിന് സബ്സിഡിയായി നൽകി | 1-14 |
| 27 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി - പൂർത്തിയാക്കിയില്ല | 1-15 |
| 28 | പൊതു ടാപ്പ് വെള്ളക്കരം - ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക അടവാക്കുന്നില്ല/ പ്രവർത്തിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം അടവാക്കുന്നു. | 1-16 |
| 29 | സാമൂഹ്യ സുരക്ഷാപെൻഷൻ ഗുണഭോക്താക്കൾ അനർഹരാവുമ്പോഴും പെൻഷൻ വിതരണം നടത്തുന്നു | 1-17 |
| 30 | റോഡുകളുടെ നിർമ്മിതി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല | 1-18 |
| 31 | ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കിയില്ല . | 1-19 |
| 32 | വികസന ഫണ്ട് ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു | 1-20 |
| 33 | സ്ഥിര നിക്ഷേപത്തിന് ലഭിച്ചതായി രേഖപ്പെടുത്തിയ പലിശ അതേ തിയ്യതിയിൽ അക്കൗണ്ടിൽ വരവ് വെച്ചില്ല | 1-21 |
| 34 | കരാറിലെ വ്യവസ്ഥകൾ കാലാനുസൃതമല്ല | 1-22 |
| 35 | തനത് ഫണ്ട് ചെലവുകളുടെ കാര്യത്തിൽ നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 1-23 |
| 36 | അക്കൗണ്ട്സ്-തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ രേഖപ്പെടുത്തുന്നത് അക്കൗണ്ടിംഗ് ചട്ടങ്ങൾക്കനുസൃതമല്ല | 1-24 |
| 37 | ഫയൽ നടപടികൾ പൂർണ്ണമായും ILGMSൽ - എല്ലാ പ്രവർത്തനങ്ങളും ഓഡിറ്റ് ചെയ്യപ്പെട്ടില്ല | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4) പ്രകാരം പഞ്ചായത്തിന്റെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 30.06.2023 തിയ്യതിയിലെ 1/1 തീരുമാന പ്രകാരം തയ്യാറാക്കി 03.07.2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചങ്ങരോത്ത് ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്തി രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.
അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചങ്ങരോത്ത് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഉദാ-റേഷ്യോസ്

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022 - 23 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 63,44,470/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 12,80,35,245/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല .

### 1-1-3 സ്ഥിരനിക്ഷേപത്തിന്റെ വിവരം വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം സ്ഥിര നിക്ഷേപങ്ങളുടെ നീക്കിയിരിപ്പ് 1,00,10,000/- രൂപയാണ്, എന്നാൽ രജിസ്റ്ററിൽ നീക്കിയിരിപ്പായി കാണിച്ചത് 1,05,87,497/- രൂപയാണ്. സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ്

പരിശോധിച്ചപ്പോൾ യഥാർത്ഥത്തിൽ 1,02,37,497/- രൂപയുടെ നിക്ഷേപമാണ് അവശേഷിക്കുന്നത്. ഗ്രാമപഞ്ചായത്തിൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ യഥാർത്ഥ കണക്കുകൾ വിവരം വാർഷിക കണക്കിലും രജിസ്റ്ററിലും ഉൾപ്പെടുത്തിയിട്ടില്ല

1-1-4 ഇ-ടെണ്ടർ ഫീ ഉൾപ്പെടുത്തിയില്ല

ഇ-ടെണ്ടർ ഫീ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട തുക നിലവിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് വരവ് വെക്കുന്നത്. ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള വിഹിതം ഡിമാന്റ് ചെയ്ത് ആയത് ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ ബി-15 ൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-5 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്ററുകൾ സൂക്ഷിക്കുന്നില്ല

അഡ്വാൻസ് രജിസ്റ്റർ പ്രകാരം Advance To MGNREGS ന് അനുവദിച്ച അഡ്വാൻസ് 22,63,238/- രൂപയാണ്. എന്നാൽ വാർഷിക കണക്കിലെ RP-49 ഷെഡ്യൂൾ പ്രകാരം 2,86,429/- രൂപയാണ് അനുവദിച്ച അഡ്വാൻസ്.

1-1-6 സ്ഥാപനത്തിന്റെ ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല.

B17 ൽ പ്രത്യേക ഉദ്ദേശ്യ ബാങ്ക് അക്കൗണ്ട് ആയ Covid Donation നു വേണ്ടി കേരള ഗ്രാമീണ ബാങ്കിൽ ഉള്ള അക്കൗണ്ടിലെ (അക്കൗണ്ട് നമ്പർ 40124101061664) നീക്കിയിരിപ്പ് B4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല . കൂടാതെ കോവിഡിനോടനുബന്ധിച്ചുള്ള മുൻവർഷത്തെ ചെലവിനായി 52441/-രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട് , ആയത് മുൻവർഷത്തെ ബാധ്യതാ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല .

1-1-7 രസീത് തെറ്റായ ശീർഷകത്തിൽ നൽകി.

തെറ്റായ ശീർഷകത്തിൽ രസീത് നൽകിയത് പിന്നീട് ജേണൽ മുഖേന തിരുത്താത്തതിന് ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു .

I. നികുതി പരിഷ്കരണത്തോടനുബന്ധിച്ച് വസ്തുനികുതിയിൽ ഉണ്ടായ വർദ്ധനവ് 7,74,755/- രൂപ Penalties And Fines എന്ന ശീർഷകത്തിൽ ആണ് ഉൾപ്പെടുത്തിയത് .

Ii. Interest On Fixed Deposit എന്ന ശീർഷകത്തിൽ വരവായി കാണിച്ചത് 1,22,503/- രൂപയാണ്. എന്നാൽ യഥാർത്ഥത്തിൽ നിക്ഷേപത്തിന് ലഭിച്ച പലിശ കണക്കുകൂട്ടിയപ്പോൾ 7,00,000/-രൂപയാണ്. ഇത് ഏത് ശീർഷകത്തിലാണ് വരവ് വെച്ചതെന്ന് വ്യക്തമല്ല. ആയതും വ്യക്തമാക്കേണ്ടതാണ് .

1-1-8 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ വായ്പാ രജിസ്റ്റർ സൂക്ഷിക്കുന്നില്ല .

രജിസ്റ്റർ പ്രകാരം വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുക 2,29,36,648/-രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ഇത് 2,29,46,648/-രൂപയാണ് .

1-1-9 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുക- വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല .

വാർഷിക കണക്കിലെ RP 40 (B) ഷെഡ്യൂളിൽ ഗ്രാമപഞ്ചായത്തിലെ എല്ലാ ബാങ്ക് അക്കൗണ്ടുകളുടേയും നീക്കിയിരിപ്പ് ഉൾപ്പെടേണ്ടതാണെന്നിരിക്കെ KGB CFC GRANT-ന്റെ (40124101049981) നീക്കിയിരിപ്പ് RP 40 (B) യിൽ ഉൾപ്പെട്ടിട്ടില്ല .

1-1-10 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ സ്റ്റോർസിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല .

ബി-14 - ൽ സ്റ്റോറിന്റെ ക്ലോസിംഗ് മൂല്യമായ 10,800/- രൂപ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

1-1-11 ലോൺ രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രിക ബാലൻസ്ഷീറ്റ് ബി-5 പ്രകാരം Loans From KURDFC ഇനത്തിൽ തിരിച്ചടക്കാനുള്ളത് 2,29,46,648 /- രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം 2,29,36,648/- രൂപയാണ് തിരിച്ചടക്കാൻ ബാക്കിയുള്ളത് .

1-1-12 വികസന ഫണ്ട് പൊതു വിഭാഗത്തിൽ വാർഷിക കണക്കിലെ ചെലവും ചെലവു പത്രികയിലെ ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു .

വാർഷിക കണക്ക് I6 ഷെഡ്യൂളിൽ വികസന ഫണ്ടിന് (പൊതു വിഭാഗം) ചെലവായി കാണിച്ചത് 2,01,28,300/- രൂപയാണ് എന്നാൽ യഥാർത്ഥ ചെലവ് 2,06,28,300/- രൂപയാണ്. ACR പ്രകാരം വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതിക്ക് ചെലവു ചെയ്ത 5,00,000/- രൂപയുടെ ചെലവ് IKM ചെലവു പത്രികയിൽ ഉൾപ്പെട്ടിട്ടില്ല .

1-2 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26/03/2022 തിയ്യതിയിലെ 01/01 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 07/03/2023 തിയ്യതിയിലെ 01/1 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്ക് ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 2,91,47,567 |
| വരവ് | 38,51,80,943 |
| ആകെ | 41,43,28,510 |
| ചെലവ് | 39,54,44,810 |
| നീക്കിയിരിപ്പ് | 1,88,83,700 |

.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,87,43,113 |
| വരവ് | 5,52,21,334 |

| | |
|---|---|
| ആകെ | 8,39,64,447 |
| ചെലവ് | 4,88,76,864 |
| നീക്കിയിരിപ്പ് | 3,50,87,583 |

## 1-4 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഡവലപ്പ്മെന്റ് ഫണ്ട് -ജനറൽ | 0 | 2,27,27,000 | 2,27,27,000 | 2,06,28,300 | 20,98,700 |
| വികസനഫണ്ട് പൊതുവിഭാഗം ജി.ഒ.പ്രൊജക്ട് ഉൾപ്പെടെയുള്ള ചെലവ് 2,06,28,300/-രൂപയാണ് എന്നാൽ പ്രൊജ.നം. 107/23 പ്രകാരം ACR ൽ ചെലവായി കാണിച്ച 5,00,000/-രൂപ IKM ചെലവു പത്രികയിൽ ചെലവായി കാണിച്ചില്ല. | | | | | |
| ഡവലപ്പ്മെന്റ് ഫണ്ട് -SCP | 0 | 81,83,000 | 81,83,000 | 73,85,709 | 7,97,291 |
| ഡവലപ്പ്മെന്റ് ഫണ്ട് -TSP | 0 | 2,75,000 | 2,75,000 | 2,53,799 | 21,201 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 0 | 76,36,000 | 76,36,000 | 41,95,795 | 34,40,205 |
| മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് | 0 | 74,38,000 | 74,38,000 | 35,58,198 | 38,79,802 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 0 | 30,62,748 | 30,62,748 | 12,53,097 | 18,09,651 |
| സെൻട്രൽ | 31,85,925 | 56,96,000 | 88,81,925 | 10,44,239 | 78,37,686 |

| | | | | | |
|---|---|---|---|---|---|
| ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (PFMS മുഖേന) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ് ഗ്രാന്റ് - ( ട്രഷറി മുഖേന) | 0 | 6,503 | 6,503 | 6,503 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ് ഗ്രാന്റ്- ( PFMS മുഖേന) | 16,92,706 | 40,11,458 പലിശ ഉൾപ്പടെ | 57,04,164 | 24,16,814 | 32,87,350 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 163 | 154149125 | 122 | 52060909 | 41 | 74.8 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 12 | 11 | 4955302 | 3180338 | 64.2 |

| | | | | | |
|---|---|---|---|---|---|
| വെറ്ററിനറി സർജൻ | 4 | 3 | 1940000 | 938748 | 48.4 |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 15 | 15 | 4102684 | 3674466 | 89.6 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 1282760 | 54320 | 4.2 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 12 | 10 | 21780800 | 4981109 | 22.9 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 10 | 9 | 66261975 | 9939835 | 15 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 9 | 10396307 | 6948226 | 66.8 |
| സെക്രട്ടറി | 40 | 26 | 14108075 | 7692322 | 54.5 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 2870000 | 2870000 | 100 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 40 | 24 | 20991272 | 8101218 | 38.5 |
| അസി.സെക്രട്ടറി | 8 | 6 | 3612150 | 2296346 | 63.5 |
| ഹെഡ് മാസ്റ്റർ | 6 | 4 | 1347800 | 883981 | 65.6 |
| | 163 | 122 | 154149125 | 52060909 | 33.8 |

ഡി.പി.സി. അഗീകാരം ലഭിച്ച 163 പ്രൊജക്ടുകളിൽ 122 എണ്ണം ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 15,41,49,125 /-രൂപ വകയിരുത്തിയതിൽ 5,20,60,909/- രൂപയാണ് പദ്ധതിക്കായി ചെലവഴിച്ചത്. ഇതിൽ 30,66,651/-രൂപ തനതു ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.10.2023 ന് 12.30 Pm മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11852/- രൂപയുടെ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു.

## 1-7 ടാക്സ് ഓഡിറ്റ്

കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും, നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് ഗ്രാമ പഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിലെ നികുതി പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുകയുണ്ടായി. അതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

### അടിസ്ഥാന വിവരങ്ങൾ

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ, സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകൾ എന്നിവ പ്രകാരം ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിലായി നിലവിൽ നിയമാനുസൃതം നിർമ്മിക്കപ്പെട്ട് പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്ന 11076 കെട്ടിടങ്ങളും, പാർപ്പിടേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 2841 കെട്ടിടങ്ങളും, 9 ടെലികമ്മ്യൂണിക്കേഷൻ ടവറുകളുമാണ് ഉള്ളത്. 01.04.23 ന് ശേഷം ഓഡിറ്റ് തീയതി വരെ 168 നിയമാനുസൃത കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. കെട്ടിട നിർമാണം പൂർത്തീകരിച്ച് കെട്ടിടനമ്പറിനായി ലഭിച്ച അപേക്ഷകളിൽ നിലവിൽ 106 എണ്ണത്തിന് വസ്തു നികുതി ചുമത്താൻ ശേഷിക്കുന്നുണ്ട്. അനധികൃതമായി നിർമ്മിക്കപ്പെട്ടിട്ടുള്ളതും യു.എ.സി നമ്പർ നൽകി നികുതി ചുമത്തി വരുന്നതുമായ 12 കെട്ടിടങ്ങളും ഗ്രാമപഞ്ചായത്തിൽ ഉണ്ട്.

### നികുതി പിരിവ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വസ്തുനികുതി വരവ് 67,99,000/- രൂപയും ഈയിനത്തിലെ യഥാർത്ഥ വരവ് 5666526/- രൂപയുമാണ്. ഗ്രാമപഞ്ചായത്തിൽ തൻവർഷം സഞ്ചയപ്രകാരമുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനവും പിരിവ് വന്നിട്ടുണ്ട്. എന്നാൽ ഡിമാന്റ് നൂറ് ശതമാനത്തിലേക്ക് എത്തിക്കുവാൻ സാധിച്ചിട്ടില്ല.

### ഫീൽഡ്തല പരിശോധനകൾ

കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർത്ത് ആയതിന്റെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കുന്നതിനാവശ്യമായ വിവരശേഖരണം നടത്തുന്നതിനും ഡാറ്റാ എൻട്രി നടത്തുന്നതിനും ഡിപ്ലോമ (സിവിൽ എഞ്ചിനീയറിങ്ങ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ(സിവിൽ), ഐ.ടി.ഐ സർവ്വേയർ എന്നീ യോഗ്യതയിൽ കുറയാത്തവരെ നിയമിക്കാവുന്നതാണെന്ന് നികുതി പരിഷ്കരണം സംബന്ധിച്ച സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ ഉത്തരവ് അനുസരിച്ച് വിഭവ സ്രോതസ് കണ്ടെത്തലും വിപുലീകരണവും (പ്രോജക്ട് നമ്പർ S0146/23) പ്രകാരം സാങ്കേതികയോഗ്യതയുള്ള 22 പേരെ നിയമിക്കുകയും വിവിധ വാർഡുകളിലെ 13497 കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തുകയും 5990 കെട്ടിടങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇവയിൽ 5067 കെട്ടിടങ്ങൾ പാർപ്പിടാവശ്യത്തിനുള്ളവയും 923 കെട്ടിടങ്ങൾ പാർപ്പിടേതരാവശ്യങ്ങൾക്കുള്ളവയുമാണ്. ഇതിൽ പാർപ്പിടാവശ്യത്തിനുള്ള 2512 കെട്ടിടങ്ങളുടെ നികുതി സഞ്ചയയിൽ പുനർനിർണ്ണയിച്ചിട്ടുണ്ട്. ഇതുവഴി വസ്തുനികുതി ഇനത്തിൽ 3,40,395/- രൂപയും ലൈബ്രറി സെസ് ഇനത്തിൽ 17,137/- രൂപയും ഉൾപ്പെടെ

3,57,532/- രൂപ ഡിമാന്റിൽ വർദ്ധനവ് വന്നിട്ടുണ്ട്. കൂടാതെ ക്രമവത്കരണഫീ ഇനത്തിൽ 17,16,199/- രൂപ വരുമാനം ലഭിച്ചിട്ടുണ്ട്. തനതുവരുമാനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടാകാൻ സഹായകരമായ ഇത്തരം പ്രവർത്തനങ്ങൾ പ്രശംസനീയമാണ്.

2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡിമാന്റ് നോട്ടീസ് സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമാകുന്ന 9എ ഫോറത്തിൽ കെട്ടിട ഉടമകൾക്ക് നൽകേണ്ടതാണെന്ന് 22.03.2023ലെ സ.ഉ(സാധാ) 77/2023/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക (5)ൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് കെട്ടിട ഉടമകൾക്ക് നൽകിയിട്ടില്ല. ജി1, ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21 (1) ൽ വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് രണ്ട് വർഷത്തിന് ശേഷം എപ്പോൾ വേണമെങ്കിലും പോസ്റ്റ് ഒക്യുപെൻസി നടത്താമെന്ന് മേൽ ചട്ടത്തിലെ ചട്ടം 21 (1) ലും വ്യക്തമാക്കിയിട്ടുണ്ട്. ചട്ടപ്രകാരം പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയാൽ നികുതി നിർണ്ണയത്തിന് ശേഷം നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്താൻ സാധിക്കുന്നതും ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്താൻ സാധിക്കുന്നതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നില്ല.

സേവന ഉപനികുതി

ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം ആവശ്യമുള്ള പക്ഷം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതുമാണ്. എന്നാൽ നിലവിൽ ഗ്രാമപഞ്ചായത്തിൽ സേവന ഉപനികുതി ഈടാക്കുന്നില്ല.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തെ ജീവനക്കാരുടെ തൊഴിൽനികുതി ഇനത്തിലുള്ള വരവ് മുൻവർഷത്തെ അപേക്ഷിച്ച് കുറവ് വന്നിട്ടുണ്ട്. തൊഴിൽനികുതി രജിസ്റ്റർ പ്രകാരം തൻവർഷം തൊഴിൽ നികുതിയുടെ ഡിമാന്റിന്റെ നൂറ് ശതമാനവും പിരിവ് വന്നിട്ടുണ്ട്. എന്നാൽ ഡിമാന്റ് പൂർണ്ണമല്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്ന പല സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. ഖണ്ഡിക 1-8 കാണുക. മേൽ സ്ഥാപനങ്ങൾ ഫീൽഡ് പരിശോധന നടത്തി തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എഞ്ചിനിയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, റേഷൻ കട വ്യാപാരികൾ, സ്വകാര്യ സ്കൂൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും, തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

നിലവിൽ ഗ്രാമപഞ്ചായത്തിന്റെ പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് വരവുകൾ ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ഭാവിയിൽ പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് വരവുകൾ ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കേണ്ടതും ആയത് പ്രകാരം തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും

ഭരണ സമിതിക്ക് ശിപാർശകൾ നൽകേണ്ടതുമാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. (പ്രോജക്റ്റ് നമ്പർ S0146/23)പ്രകാരം വിവര ശേഖരണം നടത്തിയതിൽ മാറ്റം വരുത്തിയതായി കണ്ടെത്തിയ 5067 കെട്ടിടങ്ങളിൽ 2512 പാർപ്പിട കെട്ടിടങ്ങൾ മാത്രമാണ് സഞ്ചയയിൽ പുനർ നിർണ്ണയിച്ച് ഈടാക്കിയിട്ടുള്ളത്. ശേഷിക്കുന്ന കെട്ടിടങ്ങളുടെ നികുതി എത്രയും വേഗം സഞ്ചയയിൽ പുനർ നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

2. ഫീൽഡ്തല പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങളെ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് നടപടി സ്വീകരിച്ച്, നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷമുണ്ടാകാനിടയുള്ള സങ്കീർണ്ണതകൾ ഒഴിവാക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യാനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതും ഇക്കാര്യം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

3. ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.

4. തൊഴിൽ നികുതി ഡിമാന്റ് നൂറ് ശതമാനം കൈവരിക്കുന്നതിന് ഫീൽഡ് പരിശോധന നടത്തി പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളെയും ജീവനക്കാരെയും തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

5. വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

6. നികുതികളുടെ കാര്യത്തിൽ സ്ഥാപനത്തിൽ നിലനില്ക്കുന്ന പോരായ്മകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.**

## 1-8 തൊഴിൽ നികുതി ഡിമാന്റ് പൂർണ്ണമല്ല.

ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തിൽ ലഭിച്ച 615 FTE&OS ലൈസൻസ് അപേക്ഷകളിൽ 1 മുതൽ 350 വരെയുള്ള അപേക്ഷകൾ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളിലും ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നതായി കാണുന്നു. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപനമേധാവികൾ സമർപ്പിക്കുകയോ തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്തതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനമ്പർ ലൈസൻസ് രജിസ്റ്റർ പ്രകാരം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 37 | സി കെ ട്രേഡേഴ്സ് | 4 |
| 108 | സാക്ക് എന്റർപ്രൈസസ് | 4 |
| 138 | പെർഫെക്റ്റ് ഓൾ കാർ സർവീസ് സെന്റർ | 5 |
| 142 | തണൽ ഡയാലിസിസ് സെന്റർ | 4 |

| | | |
|---|---|---|
| 171 | മലബാർ മോട്ടോഴ്സ് | 4 |
| 176 | സാൽവ ബ്യൂട്ടി ഹബ് | 4 |
| 215 | ലൈവ് ഇലക്ട്രിക്കൽസ് | 5 |
| 283 | ഫുഡ്ഡീസ് കഫെ | 4 |
| 360 | ഗാർഡൻ കഫേ ആൻഡ് റസ്റ്റോറന്റ് | 6 |
| 381 | ഫോർച്യൂൺ ടയേഴ്സ് | 4 |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതും ഫീൽഡ് പരിശോധന നടത്തി ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ കണ്ടെത്തി തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി വിശദാംശങ്ങൾ ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-9 പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിങ് ചെലവുകൾ - പ്രിന്റിംഗ് ചെലവ് - കൃത്യത ഉറപ്പു വരുത്തുന്നില്ല.

നിർവ്വഹണം - സെക്രട്ടറി

തുക - ബിൽ സാങ്ഷൻ നമ്പർ, തിയതി

2,22,155 - 175/28.12.22

15,953 - 243/16.02.23

30,362 - 244/16.02.23

64,220 - 388/30.03.23

=========

3,32,690

=========

തൻ വർഷം പദ്ധതി രൂപീകരണ, നിർവ്വഹണ, മോണിറ്ററിങ് ഇനത്തിലുള്ള ചെലവുകൾക്കായി മേൽ സൂചിപ്പിച്ച പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 1,71,370/- രൂപ പ്രിന്റിങ് ചാർജ് ഇനത്തിലുള്ളതാണ്. ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ വിവിധ പ്രിന്റിങ് ജോലികൾ റണ്ണിങ് കോൺട്രാക്ട് വ്യവസ്ഥയിൽ നിർവ്വഹിക്കുന്നതിന് ക്ഷണിച്ച ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത പ്രിന്റ് ഓൺ ഓഫ് സെറ്റ്, കടിയങ്ങാട് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. സ്ഥാപനത്തിന് തുക അനുവദിച്ചതുമായി ബന്ധപ്പെട്ട് ചുവടെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1. റണ്ണിങ് കോൺട്രാക്ട് വ്യവസ്ഥയിൽ മേൽ സ്ഥാപനത്തെ അംഗീകരിച്ചിട്ടുണ്ടെങ്കിലും സമർപ്പിച്ച ക്വട്ടേഷൻ, സ്ഥാപനത്തിന്റെ ബിൽ എന്നിവ പരിശോധിച്ചതിൽ ഫോറങ്ങൾ, നോട്ടീസുകൾ, അപേക്ഷകൾ എന്നിവയ്ക്കു മാത്രമാണ് റേറ്റ് ക്വാട്ട് ചെയ്തിട്ടുള്ളത് . കരട് പദ്ധതി രേഖ, പദ്ധതി രേഖ, സ്റ്റാറ്റസ് റിപ്പോർട്ട് തുടങ്ങിയ ബുക്കുകൾ പ്രിന്റ് ചെയ്യുന്നതിനുള്ള റേറ്റ് ക്വട്ടേഷനിൽ രേഖപ്പെടുത്തിയിട്ടില്ല. ക്വട്ടേഷൻ നോട്ടീസ് ലഭ്യമാക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് ഫോറങ്ങൾക്ക് മാത്രമാണോ ക്വട്ടേഷൻ ക്ഷണിച്ചത് എന്നും വ്യക്തമല്ല. ആയതിനാൽ തന്നെ ബുക്കുകൾ പ്രിന്റ് ചെയ്തതിന് ഏത് നിരക്കിലാണ്

തുക അനുവദിച്ചതെന്നും വ്യക്തമല്ല. 2022-23 വർഷം ഒരേ തരത്തിലുള്ള ബുക്ക് പ്രിന്റ് ചെയ്തതിന് രണ്ട് തവണയായി(രണ്ട് ട്രഷറി ബിൽ) നൽകിയ പ്രിന്റിങ്ങ് ചാർജ് വ്യത്യസ്തമാണ്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇനം | 28.12.22 ലെ ബിൽ പ്രകാരം | 30.03.23 ലെ ബിൽ പ്രകാരം | റിമാർക്സ് |
|---|---|---|---|
| കരട് പദ്ധതി രേഖ | 250 കോപ്പികൾ @ 54.80 - 13700/- രൂപ | 200 കോപ്പികൾ @ 59.35- 11870/- രൂപ | - |
| ക്ഷണക്കത്ത് വികസന സെമിനാർ | 200 കോപ്പികൾ @ 9/ - 1800/- രൂപ | 200 കോപ്പികൾ @ 4.75/ - 950/- രൂപ | - |
| അന്തിമ പദ്ധതി രേഖ | 52കോപ്പികൾ @ 232.69/ - 12100/- രൂപ | 35 കോപ്പികൾ @ 320.7/ - 11225/- രൂപ | - |
| സ്റ്റാറ്റസ് റിപ്പോർട്ട് | 20കോപ്പികൾ @ 822/ - 16,440/- രൂപ | 3 കോപ്പികൾ @ 2350/ - 7050/- രൂപ | |

ഒരു വർഷത്തേക്ക് റണ്ണിങ്ങ് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രിന്റിംഗ് ചാർജ് നൽകുന്ന രീതി അവലംബിക്കാതെയും മേൽ ബുക്കുകളുടെ ഒരു വർഷത്തേക്കുള്ള ആവശ്യകത നിശ്ചയിക്കാതെയും തുക ചെലവഴിക്കുന്നത് പഞ്ചായത്തിന്റെ സാമ്പത്തിക താത്പര്യങ്ങൾക്ക് വിരുദ്ധമാണ്.

2. പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിങ് എന്നിവയുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കും പ്രകാരം വിവിധ ബുക്കുകൾ പ്രിന്റ് ചെയ്തിട്ടുണ്ടെങ്കിലും ആയവ സ്റ്റോക്കിലെടുക്കുകയോ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

| ഇനം | എണ്ണം | ചെലവു തുക |
|---|---|---|
| കരട് പദ്ധതി രേഖ | 450 | 25,570 |
| അന്തിമ പദ്ധതി രേഖ | 87 | 23,325 |
| സ്റ്റാറ്റസ് റിപ്പോർട്ട് | 23 | 23,490 |
| ദുരന്ത നിവാരണ രേഖ | 20 | 6,210 |
| വികസന രേഖ | 20 | 10,700 |

3. പ്രിന്റിംഗ് ജോലികൾക്ക് റണ്ണിങ്ങ് കോൺട്രാക്ട് വ്യവസ്ഥയിലുള്ള ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ടെങ്കിലും ക്വാട്ട് ചെയ്ത റേറ്റ് അനുസരിച്ചുള്ള തുകയല്ല സ്ഥാപനത്തിന് അനുവദിക്കുന്നത്. ഉദാഹരണത്തിന് ക്ഷണക്കത്ത് എന്ന ഇനത്തിന് A4-3 വലുപ്പത്തിലുള്ളതിന് 200 കോപ്പികൾക്ക് 250/- രൂപയും, A4-4 വലുപ്പത്തിലുള്ളതിന് 200 കോപ്പികൾക്ക് 200/- രൂപയും ആണ് ക്വട്ടഷനിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സ്ഥാപനം 23.12.22 ന് ലഭ്യമാക്കിയ ബില്ലിൽ, വികസന സെമിനാറിനുള്ള 200 ക്ഷണക്കത്ത് പ്രിന്റ് ചെയ്തതിന് 9/- രൂപ നിരക്കിൽ 1800/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളതും ടിയാന് തുക അനുവദിച്ചിട്ടുള്ളതും. മാത്രമല്ല ക്വട്ടേഷനിൽ ഓരോ തരം പേപ്പർ സൈസിനും പ്രത്യേക റേറ്റാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. എന്നാൽ ബില്ലിൽ, പ്രിന്റ് ചെയ്യുന്ന പേപ്പറിന്റെ സൈസും തരവും(ഉദാഹരണത്തിന് A4-3, A4-4, A4-2, A3, LEGAL) രേഖപ്പെടുത്തുന്നില്ല. ആയതിനാൽ തുക നൽകുന്നതിന്റെ കൃത്യതയും ഉറപ്പുവരുത്താനായിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 6/19.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈയിനത്തിൽ ചെലവഴിച്ച 1,71,370/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-10 ബാധ്യതയിൽ ഉൾപ്പെടാത്ത ഇനത്തിന് തുക നൽകി

വൗച്ചർ നം- 22200930/10.3.23 – 182732/-രൂപ

30.05.2019 മുതൽ 22.01.2021 വരെയുള്ള കാലയളവിൽ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും സ്റ്റേഷനറി വാങ്ങിയ ഇനത്തിൽ 1,82,732/-രൂപ (മുൻബാക്കി 4,872/-രൂപ ഉൾപ്പടെ) മേൽ വൗച്ചർ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. 2019-20, 20-21 വർഷങ്ങളിൽ സ്ഥാപനം കൈപ്പറ്റിയതാണ് ഈ സ്റ്റേഷനറികളെന്ന് ബിൽ തീയതികളിൽ നിന്നും വ്യക്തമാകുന്നുണ്ട്. എന്നാൽ സ്റ്റേഷനറി വാങ്ങിയ ഇനത്തിൽ തുക നൽകാൻ ബാധ്യതപ്പെട്ട കാര്യം ഇരുവർഷങ്ങളിലേയും ബാലൻസ് ഷീറ്റിലും 2021-22 വർഷത്തെ ബാലൻസ് ഷീറ്റിലും ഉൾപ്പെട്ടിട്ടില്ല. സ്ഥാപനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റമാണ് വർഷങ്ങളായി നിലവിലിരിക്കുന്നതെന്നിരിക്കെ, സ്റ്റേഷനറി കൈപ്പറ്റുമ്പോൾ തന്നെ അക്കൗണ്ടിൽ സ്വീകരിച്ച് തുക നല്കിയില്ലെങ്കിൽ അക്കാര്യം ബാലൻസ് ഷീറ്റിലെ ബാധ്യത ഹെഡ്ഡിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, 2011 ലെ ചട്ടം 27 ൽ പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള ഏതൊരു ചെലവും വർക്ക് ഓർഡർ/സപ്ലൈ ഓർഡർ/ഇൻഡന്റ് പരിശോധിച്ച ശേഷം ക്രമത്തിലാണെന്ന് ബോധ്യപ്പെട്ടാൽ ഒരു ജേണൽ വൗച്ചർ വഴി അക്രൂ ചെയ്യേണ്ടതാണെന്ന് പ്രതിപാദിച്ച കാര്യം ശ്രദ്ധയിൽപെടുത്തുന്നു. ബാധ്യതാ ഹെഡ്ഡിൽ പെടാത്ത ഇനത്തിന് തുക നല്കാനുള്ള കാര്യം വർഷങ്ങൾ കഴിഞ്ഞ് തിരിച്ചറിഞ്ഞതെങ്ങിനെയെന്നും ഇതിന്റെ ആധികാരികത വ്യക്തമായതെങ്ങിനെയെന്നും വ്യക്തമല്ല. ഇതുകൊണ്ടുതന്നെ ചെലവിന്റെ ആധികാരികത ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു. ചെലവിന് ആധാരമായി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-11 കൃഷി ആവശ്യത്തിനുള്ള ജലസേചന പമ്പ് സെറ്റ് - ആവശ്യകത നിർണ്ണയിക്കാതെ അനുവദിച്ചു

പ്രൊജക്ട് നമ്പർ 207/22-23

| തുക | ബിൽ നമ്പർ, തിയതി |
|---|---|
| 70,449 | 289/16.03.23 |
| 57,153 | 293/17.03.23 |
| 16,912 | 336/25.03.23 |
| 7,909 | 343/27.03.23 |

കൃഷി ആവശ്യത്തിന് പമ്പ് സെറ്റ് വിതരണത്തിനുള്ള മേൽ പ്രൊജക്ട് പ്രകാരം ഗുണഭോക്താക്കൾ പമ്പ്സെറ്റ് വാങ്ങിയതായുള്ള ബിൽ ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിക്കുകയാണ് ചെയ്യുന്നത്. 17 ഗുണഭോക്താക്കൾക്കാണ് ഇപ്രകാരം തുക അനുവദിച്ചിട്ടുള്ളത്. ഓഡിറ്റിന്റെ ഭാഗമായി ശ്രീ. നാണു.ടി.എം, തന്തമലയിൽ, കടിയങ്ങാട് (വാർഡ് 12) എന്ന ഗുണഭോക്താവിന് അനുവദിച്ച പമ്പ്സെറ്റ് 18.10.23 ന് നേരിൽ പരിശോധിച്ചതിൽ, പ്രസ്തുത പമ്പ്സെറ്റ് സീൽ കളയാതെ ഇതുവരെ ഉപയോഗിക്കാത്തതായി കണ്ടു. കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും പമ്പ്സെറ്റ് വാങ്ങിയ ബിൽ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ (ഇൻവോയിസ് നമ്പർ Z/717/22-23/21.03.23) 8,423/- രൂപ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സിഡി തുക(അക്കൗണ്ട് നമ്പർ 40124100203139) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഗുണഭോക്താവ് ഇതുവരെ ഉപയോഗിക്കാത്ത സാഹചര്യത്തിൽ, ആവശ്യകത നിർണ്ണയിക്കാതെയാണ് പദ്ധതിക്കുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത് എന്ന് വിലയിരുത്തുന്നു. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 7/22-23 തിയതി

19.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയുടെ അടിസ്ഥാനത്തിൽ 8,423/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-12 അജൈവ മാലിന്യങ്ങൾ നിക്കം ചെയ്യുന്നതിനായി ഗ്രാമ പഞ്ചായത്ത് വൻ തുക ചെലവഴിക്കുന്നു .

| | |
|---|---|
| പ്രൊജക്റ്റ് | 55/22-23, പാഴ് വസ്തുക്കൾ ശേഖരിച്ച് കയറ്റി അയക്കൽ |
| അടങ്കൽ | 550,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | 4,79,139/-<br>( ബിൽ നം. 41/22-23 തീയതി 19.07.22 ) |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, |

അജൈവ ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ പ്രധാന പങ്കുവഹിക്കുന്ന ഹരിതകർമ്മസേനയക്ക് ഗ്രാമപഞ്ചായത്തിൽ നിന്ന് ആവശ്യമായ പിന്തുണ ലഭിക്കാത്തതും വാതിൽപ്പടി ശേഖരണത്തിലൂടെ ഹരിതകർമ്മസേന സംഭരിക്കുന്ന പാഴ്‌വസ്തുക്കൾ സൂക്ഷിക്കുന്നതിനും, തരംതിരിക്കുന്നതിനുമായി ഒരു സ്ഥിരം എം.സി.എഫ് ഗ്രാമപഞ്ചായത്തിൽ ഇല്ലാത്തതും എം.സി.എഫിലെ അസൗകര്യം മൂലം തരംതിരിക്കൽ കാര്യക്ഷമമായി നടപ്പിലാവാത്തതിനാൽ എല്ലാ പാഴ്‌വസ്തുക്കളും പുനരുപയോഗയോഗ്യമല്ലാത്തവ എന്ന ഗണത്തിലുൾപ്പെടുത്തി പണം നൽകി നീക്കം ചെയ്യേണ്ട അവസ്ഥ വന്നതിനെക്കുറിച്ചും മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഈ വർഷവും മേൽ വിഷയങ്ങളിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. വില്ലേജ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പാഴ്‌വസ്തുക്കൾ ശേഖരിച്ച് കയറ്റി അയക്കുകയും അതിനായി 4,79,139/- രൂപ ഗ്രാമപഞ്ചായത്തിൽ നിന്നും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 27.05.2021 മുതൽ 26.07.2021 വരെയുള്ള കാലയളവിലുള്ള ആകെ 42,960 കിലോ ഗ്രാം അജൈവ മാലിന്യം നീക്കം ചെയ്തതിനാണ് മേൽ പ്രൊജക്റ്റ് പ്രകാരം "ക്ലീൻ കേരള കമ്പനിക്ക് "4,79,139/- രൂപ നൽകിയിട്ടുള്ളത്.

16.4.21 ലെ ജി.ഒ.ആർ.ടി.നം 880/21/ത.സ്വ.ഭ.വ (ഡി.സി) നമ്പർ ഉത്തരവിൽ ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്തങ്ങളെക്കുറിച്ച് വ്യക്തമായി പരാമർശിക്കുന്നുണ്ട്. ആയതു പ്രകാരം മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനും മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കാൻ വരുന്നവരെ ഏൽപ്പിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ മാലിന്യ ഉൽപ്പാദകന് നൽകുന്നതിനും മാലിന്യം ഉൽപ്പാദിപ്പിക്കുന്നവരിൽ നിന്നും പ്രതിമാസ യൂസർഫീ ഈടാക്കാനും വ്യക്തമാക്കുന്നുണ്ട്.

04.01.21 ലെ ജി.ഒ.ആർ.ടി. നം 18/21 ത.സ്വ.ഭ.വ തദ്ദേശ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപ നിയമാവലി അംഗീകരിച്ച് ഉത്തരവായതാണ്. ഇതിൽ ഉത്പാദകരുടെ ഉത്തരവാദിത്തത്തിൽ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും സംഭരിക്കുകയും വിൽപ്പന നടത്തുകയും ഉപയോഗിക്കുകയും ചെയ്യുന്ന വ്യക്തികൾ, വീടുകൾ, സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവ ഉപയോഗം കഴിഞ്ഞ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ കഴുകി വൃത്തിയാക്കി പുനരുപയോഗം നടത്തേണ്ടതും പുനരുപയോഗം സാധ്യമല്ലാത്തവ വൃത്തിയാക്കി ഉണക്കി തരം തിരിച്ച് സൂക്ഷിക്കേണ്ടതും പഞ്ചായത്ത് ചുമതലപ്പെടുത്തുന്ന ഹരിത കർമ്മസേനയ്ക്ക് നിശ്ചയിച്ച നിരക്കിലുള്ള യൂസർഫീ സഹിതം കൈമാറേണ്ടതുമാണ്. പ്രസ്തുത മാലിന്യ സംസ്കരണത്തിനുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുള്ള ചുമതലയിൽ യൂസർഫീ, പ്ലാസ്റ്റിക് വസ്തുക്കളുടെ/അസംസ്കൃത വസ്തുക്കളുടെ വിൽപനയിലൂടെ ലഭിക്കുന്ന തുകകൾ മുതലായവ ഏജൻസികളുടെ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാവുന്നതാണെന്നും വ്യവസ്ഥ ഉണ്ടായിരിക്കേ മാലിന്യം കയറ്റി അയക്കുന്നതിനുള്ള ചെലവും മാലിന്യ ഉൽപ്പാദകരിൽ നിന്നു തന്നെ ഈടാക്കേണ്ടതും അജൈവ മാലിന്യം കൈയൊഴിയുന്നതിന്

ബന്ധപ്പെട്ട സ്രോതസ്സുകളിൽ നിന്ന് തന്നെ പ്രത്യേകം തുക ഈടാക്കേണ്ടതുമാണ്. അതിനാൽ അജൈവ മാലിന്യം കൈയൊഴിയുന്നതിനുള്ള ബാധ്യത പഞ്ചായത്ത് ഫണ്ടിൽ നിന്ന് വഹിക്കുന്നത് ചുരുക്കിക്കൊണ്ട് വരേണ്ടതുണ്ട്.

ഹരിതകർമ്മസേന നിലവിൽ വന്നതിനുശേഷവും മാലിന്യ നിർമ്മാർജ്ജനത്തിൽ വലിയ തുക ചെലവ് ചെയ്യുന്നത് ആശാസ്യമല്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും അജൈവ മാലിന്യങ്ങൾ നിക്കം ചെയ്യുന്നതിനായി വൻ തുക ചെലവഴിക്കേണ്ടി വരുന്നത് ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 ഇ ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നില്ല

നിർവ്വഹണോദ്യോഗസ്ഥൻ- അസി എഞ്ചിനീയർ

2014-15 വർഷം മുതൽ മരാമത്ത് പ്രവൃത്തികൾ സ്ഥാപനത്തിൽ ഇ ടെണ്ടർ നടത്തി വരുന്നുണ്ട്. അന്നു മുതൽ നാളിതുവരെ ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കുന്ന തുക സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. ആരംഭ കാലത്ത് ഫീസ് തുക തദ്ദേശ സ്വയംഭരണ വകുപ്പ് കോഴിക്കോട് എക്സിക്യൂട്ടീവ് എഞ്ചീനീയറുടെ ഇ-ടെണ്ടറിനായി ആരംഭിച്ച പ്രത്യേക അക്കൗണ്ടിലായിരുന്നു വരവു വന്നിരുന്നത്. തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയർ ഇതിനായി അക്കൗണ്ട് ആരംഭിച്ചതായും നിലവിൽ ഫീസ് ഈ അക്കൗണ്ടിൽ ക്രഡിറ്റാവുന്നതായും ഓഡിറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഏതു തീയതി മുതലാണ് ഈ അക്കൗണ്ട് ആരംഭിച്ചതെന്ന് വ്യക്തമല്ല. അക്കൗണ്ട് ആരംഭിച്ചതു മുതൽക്കുള്ള ബേങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കാൻ ആവശ്യപ്പെട്ടപ്പോൾ എസ്.ബി.ഐ പേരാമ്പ്ര ബ്രാഞ്ചിലെ 37742239860 നമ്പർ അക്കൗണ്ടിന്റെ 1/1/22 തീയതി മുതൽക്കുള്ള സ്റ്റേറ്റ്മെന്റാണ് ലഭ്യമാക്കിയത്. മേൽ തീയതിയിൽ വലിയ തുക മുന്നിരിപ്പുള്ളതിനാൽ അക്കൗണ്ട് അതിനുമുമ്പ് തന്നെ ആരംഭിച്ചതാണെന്ന് വ്യക്തമാകുന്നു. കൂടാതെ ടെണ്ടർ ഫീസ് സ്വീകരിക്കുന്നതിന് പ്രത്യേക അക്കൗണ്ട് ആരംഭിക്കുന്നതിനാണ് സർക്കാർ നിർദ്ദേശമെങ്കിലും, ടെണ്ടർ ഫീസ് അല്ലാതെ പല തുകകളും ഈ അക്കൗണ്ടിൽ നിക്ഷേപിച്ചതായും പിൻവലിച്ചതായും കാണുന്നു. ക്യാഷ് ചെക്കായുൾപ്പെടെ (ബെയറർ ചെക്ക്) തുക പിൻവലിച്ചതായും ക്യാഷ് ഡെപ്പോസിറ്റ് ഉൾപ്പെടെ തുക നിക്ഷേപിച്ചതായും സ്റ്റേറ്റ്മെന്റിൽ നിന്നും വ്യക്തമാകുന്നു. ആകെ 74 തവണ നിക്ഷേപിച്ചതിൽ 57 തവണകൾ ഇ ടെണ്ടർ ഫീസിനത്തിലുള്ളതാണെന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതാണ്/നടപടി സ്വീകരിക്കേണ്ടതാണ്

എ) എക്സിക്യൂട്ടീവ് എഞ്ചീനീയറുടെ അക്കൗണ്ടിൽ നാളിതുവരെ നിക്ഷേപിക്കപ്പെട്ട ആകെ തുക എത്രയെന്ന് വ്യക്തമാക്കേണ്ടതും തുക അടിയന്തിരമായി പഞ്ചായത്ത് ഫണ്ടിലൊടുക്കി വിവരം അറിയിക്കേണ്ടതുമാണ്.

ബി) ഇ ടെണ്ടർ ഫീസ് ഇനത്തിൽ നാളിതുവരെ എഞ്ചിനീയറുടെ അക്കൗണ്ടിൽ സ്വീകരിച്ച തുക അടിയന്തിരമായി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

സി) എഞ്ചിനീയറുടെ അക്കൗണ്ടിൽ നടന്ന ടെണ്ടർ ഫീസ് ഒഴികെയുള്ള ഇടപാടുകൾ ഏതിനത്തിൽ നിർവ്വഹിക്കപ്പെട്ടതാണെന്ന് വ്യക്തമാക്കേണ്ടതാണ്.

കൂടാതെ, ഫീസ് ലഭിക്കുന്നതിനനുസരിച്ച് ഈ ഇനത്തിൽ വർഷങ്ങളായി അക്കൗണ്ടിൽ ഡിമാന്റ് അക്രൂ ചെയ്യാത്തതിനാൽ മേൽ തുക മുഴുവൻ പഞ്ചായത്ത് അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടില്ല. ലഭിക്കേണ്ട തുക മുഴുവൻ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ലെന്ന ഗുരുതര വീഴ്ചയും സംഭവിച്ചിട്ടുണ്ട്.

ഇക്കാര്യത്തിലുള്ള വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-14 അർഹമായതിലും അധികം തുക ഗുണഭോക്താവിന് സബ്സിഡിയായി നൽകി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്. |
| പ്രോജക്ട് നമ്പർ | S064/22-23 |
| പ്രോജക്ടിന്റെ പേര് | വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി |
| അടങ്കൽ (രൂപ) | 66000/- വികസനഫണ്ട് (പൊതുവിഭാഗം)<br>262400/- സംസ്ഥാനാവിഷ്കൃതം<br>92000/ - കേന്ദ്രാവിഷ്കൃതം<br>762360/ - മറ്റുള്ളവ |
| അടങ്കൽ ആകെ (രൂപ) | 1182760/- രൂപ |
| ചെലവ് ബിൽ നം/തീയതി | 22320/- രൂപ, Bill No 84/30.09.2022 |
| ആകെ | 22320 |

2022-23 വാർഷിക പദ്ധതിയിൽ സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണം നടത്തിയ വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു. സുഭിക്ഷ കേരളം പദ്ധതി പ്രകാരം മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ളതാണ് മേൽ പ്രോജക്ട്.

സ.ഉ.(സാധാ)നം. 1009/2020/ത.സ്വ.ഭ.വ. തീയതി 29.05.2020 ഉത്തരവിലെ ഖണ്ഡിക 4.2 പ്രകാരം പൊതുവിഭാഗത്തിന് യൂണിറ്റ് കോസ്റ്റിന്റെ (അനുവദനീയമായത് 1,23,000/- രൂപ) 40% സബ്സിഡി അനുവദിക്കാവുന്നതാണ്. സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് ഭാഗം തദ്ദേശഭരണ സ്ഥാപനവും മൂന്നിലൊന്ന് ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണ്. ആയത് പ്രകാരം തദ്ദേശസ്ഥാപനത്തിന് 32,800/- രൂപ വരെ സബ്സിഡി അനുവദിക്കാവുന്നതാണ്.

ഇതേ വ്യവസ്ഥ തന്നെയാണ് സ.ഉ.(കൈ)നം.115/22/ ത.സ്വ.ഭ.വ. തീയതി 28.05.22 ഉത്തരവിലെ ഖണ്ഡിക 6.4.12ലും വ്യക്തമാക്കുന്നത് .

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം പ്രോജക്ടിന്റെ ഭാഗമായി 3 പേർക്കാണ് മത്സ്യകൃഷിക്കുള്ള സബ്സിഡി അനുവദിച്ചിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് എല്ലാവർക്കും കൂടി 22320/- രൂപയാണ് സബ്സിഡിയായി അനുവദിച്ചത് (3X7440 = 22320). സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് ഭാഗം തദ്ദേശഭരണ സ്ഥാപനവും മൂന്നിലൊന്ന് ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണ് എന്ന വ്യവസ്ഥയ്ക്ക് വിരുദ്ധമായി മുഴുവൻ തുകയും തദ്ദേശഭരണ സ്ഥാപനം വഹിച്ചിരിക്കുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ | ഗുണഭോക്താവിന്റെ | അടിസ്ഥാന സൗകര്യ വികസനം (രൂപ) |
|---|---|---|

| നം | പേരും വിലാസവും | ഗുണഭോക്താവ് ചെലവഴിച്ച തുക | ആകെ അനുവദിച്ച സബ്സിഡി (രൂപ) | തദ്ദേശ സ്ഥാപനം നൽകേണ്ട തുക (2/3) (രൂപ) | തദ്ദേശ സ്ഥാപനം അധികം നൽകിയ തുക (രൂപ) |
|---|---|---|---|---|---|
| 1 | ശ്രീ . സുകുമാരൻ .ടി.എസ് | 21814 | 7440 | 4960 | 2480 |
| 2 | ശ്രീ.കുര്യാക്കോസ് .ഇ.ടി | 21320 | 7440 | 4960 | 2480 |
| 3 | ശ്രീ. ഗിരീഷ് ടി.പി. | 22314 | 7440 | 4960 | 2480 |
| ആകെ | | | 22320 | 14880 | 7440 |

അർഹമായതിലും അധികം തുക ഗുണഭോക്താവിന് സബ്സിഡിയായി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ഗുണഭോക്താവിൽ നിന്നോ ഫിഷറീസ് വകുപ്പിൽ നിന്നോ ഈടാക്കി ഗ്രാമപഞ്ചായത്തിൽ അടവാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ് .

1-15 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി - പൂർത്തിയാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നമ്പർ - 120/23

ചെലവ് തുക - ബിൽ സാങ്ഷൻ നമ്പർ തിയതി

4,50,000 - 214/23.01.23 (വി.ഫ-എസ്.സി.പി)

3,50,000 - 248/ 20.02.23

2,50,000 - 284/ 15.03.23

=========

10,50,000

=========

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 9 വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മാണത്തിന് തുക അനുവദിക്കുന്നതാണ് പ്രൊജക്ട്. 18,00,000/- അടങ്കൽ ഉള്ള പ്രവൃത്തിയ്ക്ക് 2022- 23 ലെ ചെലവ് 10,50,000/- രൂപ മാത്രമാണ്. 23-24 ൽ 6,75,000/- രൂപയും ചെലവ് ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതൾ കാണുന്നു.

(1)സ.ഉ (കൈ)നം.115/22/ത.സ്വ.ഭ.വ തീയതി 28.05.22 നമ്പർ ഉത്തരവ് ഖണ്ഡിക 7.2.13 പ്രകാരം മേൽ പദ്ധതിയ്ക്ക് അനുവദിക്കാവുന്ന തുക 2,00,000 /- രൂപയാണ്. ഇതിൽ 50,000/- രൂപ മുൻകൂറായും ശേഷിക്കുന്ന തുക ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 75,000/- രൂപ വീതമുള്ള രണ്ട് ഗഡുക്കളായും ആണ് അനുവദിക്കേണ്ടത് എന്ന് വ്യക്തമാക്കുന്നുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, ട്രഷറി ബിൽ പ്രകാരം രണ്ടും മൂന്നും ഗഡു തുക ഗുണഭോക്താക്കൾക്ക് 20.02.23 ന് അനുവദിച്ചിട്ടുണ്ട്. എന്നാൽ എഞ്ചിനീയറുടെ വാല്വേഷൻ സർട്ടിഫിക്കറ്റുകൾ പൂർണ്ണമായും ലഭ്യമാക്കിയത് 30.05.23 മുതൽ 16.06.23 വരെയുള്ള തിയതികളിലേതാണ്. അതായത് വാല്വേഷൻ ഹാജരാക്കാതെയാണ് ഗുണഭോക്താക്കൾക്ക് 75,000/-

രൂപ (രണ്ടും മൂന്നും ഗഡു തുക) അനുവദിച്ചത്.

(2) മുൻകൂർ കൈപ്പറ്റിയ 9 ഗുണഭോക്താക്കളിൽ സൂര്യജിത്ത്.എസ്, S/O സുലോചന സത്യൻ എന്ന ഗുണഭോക്താവിന് 23.01.23 ന് 50,000/- രൂപയും 3.6.23 (2023-24) ന് 75,000/- രൂപയും ഉൾപ്പടെ 1,25,000/- രൂപ അനുവദിച്ചിട്ടുണ്ട്. ടി ഗുണഭോക്താവ് ഇതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 4 /22-23 തിയതി 19.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പൂർത്തിയാക്കാൻ അവശേഷിക്കുന്നത് പൂർത്തിയാക്കി അറിയിക്കേണ്ടതും അല്ലാത്ത പക്ഷം അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതുമാണ്.

1-16 പൊതു ടാപ്പ് വെള്ളക്കരം - ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക അടവാക്കുന്നില്ല/ പ്രവർത്തിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം അടവാക്കുന്നു.

പ്രൊജക്ട് നമ്പർ : 148/22-23

നിർവ്വഹണം : സെക്രട്ടറി

തൻ വർഷം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വാട്ടർ ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതുമായി ബന്ധപ്പെട്ട പരിശോധനയിൽ ചുവടെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1. ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക അടവാക്കുന്നില്ല.

ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ 149 പൊതുടാപ്പുകൾക്കാണ് പഞ്ചായത്ത് നിലവിൽ വാട്ടർ ചാർജ് അടച്ചുവരുന്നത്. 2022-23 വർഷം ഒരു ടാപ്പിന് മാസം തോറും 482.34/- നിരക്കിൽ (5788.13/year) 149 ടാപ്പുകൾക്ക് 71,868/- രൂപ വീതം 8,62,423/- രൂപ അടവാക്കിയിട്ടുണ്ട്. ഫെബ്രുവരി മുതൽ ഒരു ടാപ്പിന് മാസം 1213.26 /- നിരക്കിൽ (14,559.12/year) 149 ടാപ്പുകൾക്ക് 1,80,775.74/- രൂപ നിരക്കിലാണ് വാട്ടർ അതോറിറ്റി ഡിമാന്റ് നോട്ടീസ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ 14.03.23 ലെ എ2-2421/23 നമ്പറായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്കയച്ച കത്തിൽ, നിലവിൽ 149 ടാപ്പുകൾക്കാണ് വാട്ടർചാർജ് അടച്ചുവരുന്നതെന്നും ഇതിൽ പലതും പ്രവർത്തനക്ഷമമല്ലെന്ന് ഗ്രാമപഞ്ചായത്ത് വിലയിരുത്തിയിട്ടുണ്ടെന്നും ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും പ്രസ്തുത വിവരം ലഭ്യമാകുന്നതുവരെ പഴയ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുകയാണ് അടവാക്കാൻ കഴിയുന്നതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ വാട്ടർ ചാർജ് അടവാക്കുന്നത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയിൽ നിന്നും കൂടുതൽ നിർദ്ദേശങ്ങൾ ലഭിച്ചതായി ഫയലിലില്ല. ഗ്രാമപഞ്ചായത്ത് 2023 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പഴയ നിരക്കിൽ അതായത് 71,868/- രൂപ തോതിലാണ് അടച്ചിട്ടുള്ളത്. 2023 ഏപ്രിൽ മുതൽ വാട്ടർ അതോറിറ്റി മാസം തോറും ഡിമാന്റ് നോട്ടീസ് ലഭ്യമാക്കുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് വാട്ടർ ചാർജ് അടവാക്കുന്നില്ല. ഒക്ടോബർ 2023 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം (ബിൽ നമ്പർ 78244/6.10.23) 15,51,284/ രൂപ അടക്കാനുണ്ട്. ഇതിൽ 27,039/- രൂപ ഫൈൻ ആണ്. പ്രവർത്തിക്കാത്ത വാട്ടർ ടാപ്പുകൾക്ക് വാട്ടർ അതോറിറ്റിയിൽ അടവാക്കിയ തുക കുടിശ്ശിക അടവാക്കാനുള്ളതിൽ അഡ്ജസ്റ്റ് ചെയ്ത് ലഭിക്കുന്നതിനുള്ള നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിക്കുന്നുണ്ടെന്നും ആയതിന്റെ വിശദാംശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് വാട്ടർ ചാർജ് കുടിശ്ശിക അടവ് വരുത്തുമെന്നാണ് പഞ്ചായത്ത് അധികൃതർ വാക്കാൽ അറിയിച്ചത്. തുക അടവാക്കാത്തത് പഞ്ചായത്തിന് കൂടുതൽ സാമ്പത്തിക ബാധ്യത സൃഷ്ടിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ നടപടികൾ കൈക്കൊണ്ട് തീർപ്പുണ്ടാക്കേണ്ടതാണ്.

2. പ്രവർത്തിക്കാത്ത ടാപ്പുകൾക്ക് തുക നൽകി

2022-23 വർഷം പൂർണ്ണമായും 149 ടാപ്പുകൾക്കാണ് വാട്ടർ ചാർജ് അടച്ചിട്ടുള്ളത്. ഗ്രാമ

പഞ്ചായത്തിന്റെ ആവശ്യാർത്ഥം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയും വാട്ടർ അതോറിറ്റി, പി.എച്ച്. സെക്ഷൻ പേരാമ്പ്ര അസിസ്റ്റന്റ് എഞ്ചിനീയറുടെ 23.08.23 ലെ NO.AEP/Public Tap/changaroth/202/2023 നമ്പർ കത്ത് പ്രകാരം സംയുക്ത പരിശോധന റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ഉപയോഗക്ഷമമായ ടാപ്പുകൾ 123 എണ്ണം മാത്രമാണ്. 2023 ഫെബ്രുവരി മാസം മുതൽ വാട്ടർ ചാർജ് വർദ്ധന ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് സംയുക്ത പരിശോധനയ്ക്ക് വാട്ടർ അതോറിറ്റിയോട് 14.03.23 ന് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടത്. പ്രവൃത്തിക്കാത്ത ടാപ്പുകൾക്ക് തുക അടവാക്കിയത് ക്രമപ്രകാരമല്ല.

3. വാട്ടർ അതോറിറ്റി തൻവർഷം ലഭ്യമാക്കിയ ഡിമാന്റ് നോട്ടീസുകളിലെല്ലാം ഫൈൻ ഉൾപ്പടെയുള്ള തുകയാണ് കാണിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത് ഫൈൻ അടവാക്കിയതായോ വാട്ടർ അതോറിറ്റി ഫൈൻ ഒഴിവാക്കി നൽകിയതായോ ഫയലിൽ വ്യക്തമല്ല. വാട്ടർ അതോറിറ്റി ഫൈൻ ഒഴിവാക്കി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ഹാജരാക്കേണ്ടതാണ്.

അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-17 സാമൂഹ്യ സുരക്ഷാപെൻഷൻ ഗുണഭോക്താക്കൾ അനർഹരാവുമ്പോഴും പെൻഷൻ വിതരണം നടത്തുന്നു

ഗ്രാമപഞ്ചായത്തിൽ നിന്നും സാമൂഹ്യക്ഷേമ പെൻഷൻ കൈപ്പറ്റുന്നവർ പെൻഷന് അനർഹരാകുമ്പോൾ/മരണപ്പെടുമ്പോൾ പെൻഷൻ റദ്ദ് ചെയ്യുന്നതിന് സമയബന്ധിതമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടാകുന്നില്ല. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്ന മരണ വിവരം പോലും പെൻഷൻ വിതരണത്തിന് ആധാരമാക്കുന്നില്ല എന്ന വസ്തുതയാണ് ഇവിടെ വ്യക്തമാവുന്നത്. സ്ഥാപനത്തിൽ മരണം രജിസ്റ്റർ ചെയ്യുന്നവരുടെ ആധാർ നമ്പർ ചേർക്കുന്നതിനുള്ള ഓപ്ഷൻ ഇല്ലാത്തതിനാലാണ് മരണ രജിസ്റ്റർ നോക്കി പെൻഷൻ റദ്ദ് ചെയ്യാൻ സാധിക്കാത്തത് എന്നും നിലവിൽ മരണം രജിസ്റ്റർ ചെയ്യുന്നവരിൽ നിന്നും ആധാർ നമ്പർ ലഭ്യമാക്കുന്നുണ്ടെന്നും സ്ഥാപനത്തിൽ നിന്നും അറിയിച്ചിട്ടുണ്ട് .

ഗ്രാമപഞ്ചായത്തിൽ നാളിതുവരെ മരിച്ചവരുടെ വിവരം പരിശോധിച്ച് പെൻഷൻ ഗുണഭോക്താവാണെങ്കിൽ പെൻഷൻ റദ്ദ് ചെയ്ത് അധികം നൽകിയ തുക തിരിച്ചടപ്പിക്കേണ്ടതാണ്. കൂടാതെ മരിച്ചതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ റദ്ദു ചെയ്യുകയും എന്നാൽ തിരികെ ഈടാക്കേണ്ട തുക ഈടാക്കാത്തതുമായ സംഗതികളിൽ, തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. മരണം രജിസ്റ്റർ ചെയ്യുന്ന സെക്ഷൻ മരണപ്പെട്ട വ്യക്തിയുടെ പേര്, ആധാർ നമ്പർ എന്നിവ പട്ടികയാക്കി ആഴ്ചയിലൊരിക്കൽ പെൻഷൻ സെക്ഷന് കൈമാറേണ്ടതും പെൻഷൻ സെക്ഷൻ ആയത് സമയബന്ധിതമായി പരിശോധിച്ച്, പെൻഷനറാണെങ്കിൽ പെൻഷൻ പട്ടികയിൽ നിന്ന് ഒഴിവാക്കേണ്ടതും പെൻഷൻ അനുവദിക്കേണ്ടതിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്.

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട മരണപ്പെട്ടവരുടെ പെൻഷൻ റദ്ദ് ചെയ്യപ്പെടാതെ മാസങ്ങളോളം അക്കൗണ്ടിൽ പണം നിക്ഷേപിക്കപ്പെടുന്നു. പഞ്ചായത്ത് പരിധിയ്ക്ക് പുറത്ത് വച്ച് മരണപ്പെട്ടവരുടേയോ, മറ്റ് കാരണങ്ങളാൽ പെൻഷനിൽ നിന്ന് ഒഴിവാക്കപ്പെടേണ്ടവരുടേയോ വിവരങ്ങൾ അറിയുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ നിലവിൽ ഇല്ല. നിലവിൽ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുന്നവരുടെ പെൻഷനും പഞ്ചായത്ത് പരിധിയ്ക്ക് പുറത്ത് വച്ച് മരണപ്പെട്ടവരുടെ പെൻഷനും രജിസ്ട്രേഷൻ നടത്തുന്നതിന്റെ അടിസ്ഥാനത്തിൽ സസ്പെൻഡ് ചെയ്യുന്നില്ല . സെക്രട്ടറി പെൻഷൻ ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ സസ്പെന്റ് ചെയ്യുന്നതുവരെയുള്ള ദിവസങ്ങളിൽ മരണപ്പെട്ട വ്യക്തിയുടെ

അക്കൗണ്ടിലേക്ക് പെൻഷൻ പോവുന്നുണ്ട് .

അതിനാൽ അനർഹമായ കാലയളവിലേക്ക് പെൻഷൻ നൽകി കൊണ്ടിരിക്കുകയാണ്. നിലവിലും പെൻഷൻ സസ്പെൻഡ് ചെയ്യാത്തതിനാൽ പെൻഷൻ ഇപ്പോഴും നൽകിക്കൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ അനർഹമായ കാലത്തേക്ക് പെൻഷൻ അനുവദിച്ചതിന്റെ ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| പേര് | ആധാർ നമ്പർ | പെൻഷൻ | മരണം നടന്ന തിയ്യതി | നിലവിലെ പെൻഷൻ സ്റ്റാറ്റസ്, വിതരണം ചെയ്തതിന്റെ വിശദാംശം |
|---|---|---|---|---|
| ശശി | 231076418221 | കർഷക തൊഴിലാളി പെൻഷൻ | 3.4.2022 | Active , 6/2023 വരെ പെൻഷൻ വിതരണം ചെയ്തു |
| കുഞ്ഞിക്കണാരൻ | 207519388573 | വാർദ്ധക്യ കാല പെൻഷൻ | 27.1.22 | Suspend , 4/2022 വരെ പെൻഷൻ വിതരണം ചെയ്തു |

ജി.ഒ(എം.എസ്) നം.97/2020/ധന തീ. 23-09-2020 ലെ ക്രമ നമ്പർ 12 പ്രകാരം മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

അതിനാൽ പഞ്ചായത്തിൽ നിലവിൽ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്ന മുഴുവൻ ഗുണഭോക്താക്കളുടെയും വിവരം വാർഡ് മെമ്പർമാരെയും അങ്കണവാടി ജീവനക്കാരെയും ആശാവർക്കർമാരെയും ഉപയോഗപ്പെടുത്തി മരണപ്പെട്ടവർക്ക് പെൻഷൻ നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും തുടർന്നുള്ള എല്ലാ മാസങ്ങളിലും മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം അങ്കണവാടി/ആശാവർക്കർമാർ എന്നിവർ മുഖാന്തിരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കാവുന്നതുമാണ്. അധികമായി നൽകിയ തുക തിരിച്ചടയ്ക്കാൻ വ്യക്തികൾക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ കത്ത് നൽകേണ്ടതും തുക തിരിച്ചടയ്ക്കപ്പെട്ടുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പെൻഷൻ റദ്ദ് ചെയ്യാൻ ലഭിക്കുന്ന അപേക്ഷകൾക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

അനർഹരായവർക്ക് പെൻഷൻ നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും അധികമായി നൽകിയ തുക തിരിച്ചടയ്ക്കാൻ വ്യക്തികൾക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ കത്ത് നൽകേണ്ടതും, തുക തിരിച്ചടച്ച് അറിയിക്കേണ്ടതുമാണ്.

## 1-18 റോഡുകളുടെ നിർമ്മിതി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

ഓഡിറ്റ് വർഷം നിർവ്വഹണം നടത്തിയ മിക്കവാറും റോഡ് പ്രവൃത്തികളും നിർവ്വഹിച്ചിരിക്കുന്നത് മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ലെന്ന് കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് | ചെലവു തുക |
|---|---|---|
| 1 | 97/23 വില്ലേജ് ഓഫീസ് റോഡ് റീ ടാറിംഗ് | 805811 |
| 2 | 92/23 നരിമഞ്ചക്കൽ കോളനി റോഡ് | 806033 |
| 3 | 87/23 ചങ്ങരോത്ത് മൃഗാശുപത്രി റോഡ് | 796508 |

ഈ റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തിയ പേവിംഗ് ഇനം മിക്സഡ് സീൽ സർഫസ്(മാന്വൽ മീൻസ്) ആണ്. മോർഡ് ഡാറ്റാ ബുക്കിലെ 5.11 നമ്പർ ഇനമാണിത്. മോർഡ് സ്പെസിഫിക്കേഷനിലെ ഇനം 509 (Item Nomber 509) അടിസ്ഥാനപ്പെടുത്തിയാണ് ഇത് തയ്യാറാക്കിയതെന്ന് ഡാറ്റാബുക്കിൽ നിന്നും വ്യക്തമാകുന്നു. 20 Mm സെമി ഡെൻസ് ബിറ്റുമിനസ് കോൺക്രീറ്റ് പേവിംഗ് നിർമ്മിതി പ്രതിപാദിക്കുന്ന ഇനമാണിത്. MSS പോലെ തന്നെ ഇതിന്റെ സ്പ്രെഡ്ഡിംഗും (Material Spreading Or Laying) നിർവ്വഹിക്കേണ്ടത് മെക്കാനിക്കൽ പേവർ (Self Propelled Hydrolic Paving Machine) ഉപയോഗിച്ചാണെന്ന് ഇനം 509.5.4.3 വ്യക്തമാക്കുന്നു.എന്നാൽ റോഡിന്റെ നിർമ്മിതിയിൽ എവിടെയെങ്കിലും മെക്കാനിക്കൽ പേവർ പ്രവർത്തിപ്പിക്കാൻ കഴിയാത്ത വിധം സ്ഥലപരമായ പരിമിതികളോ, ഇടുങ്ങിയ വീതിയോ (Narrow Width) ഉണ്ടെങ്കിൽ , അനുയോജ്യമായ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി പരിശീലനം സിദ്ധിച്ച തൊഴിലാളികളെ ഉപയോഗപ്പെടുത്തി സ്പ്രെഡ്ഡിംഗ് നടത്താമെന്ന് ഇതേ ഇനത്തിന്റെ അവസാന ഭാഗത്ത് പ്രതിപാദിച്ചിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ മാത്രം ഉപയോഗപ്പെടുത്താനാണ് മോർഡ് ഡാറ്റാ ബുക്കിലെ 5.11 നമ്പർ ഇനം തയ്യാറാക്കിയതെന്ന് മേല്പറഞ്ഞ വസ്തുതകളിൽ നിന്നും വ്യക്തമാകുന്നു.

എന്നാൽ സ്ഥാപനത്തിലെ മേല്പറഞ്ഞ റോഡുകൾ പൂർണ്ണമായും ബിറ്റുമിൻ പേവിംഗ് നടത്തിയിരിക്കുന്നത് ഈ ഇനം ഉപയോഗപ്പെടുത്തിയാണ്. ആവശ്യത്തിന് മെറ്റീരിയൽ ഇത്തരത്തിലുള്ള അശാസ്ത്രീയ നിർമമിതിയിൽ ഉറപ്പുവരുത്താൻ കഴിയാത്തതിനാൽ റോഡിന്റെ ആയുസ്സിനേയും(durability) നിമ്നോന്നതയുടെ (Undulations) ടോളറൻസ്(tolerance) പരിമിതമാണെന്ന് ഉറപ്പുവരുത്താൻ കഴിയാത്തതിനാൽ ഗുണമേന്മയേയും ഈ നിർമ്മിതി പ്രതികൂലമായി ബാധിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. യഥാർത്ഥത്തിലുള്ള മിക്സഡ് സീൽ സർഫസിംഗ് (MSS Mechnical) രീതി ഗ്രാമപഞ്ചായത്തുകളിലെ റോഡുകളിൽ അവലംബിക്കാത്തതിന് കാരണമായി ഉയർത്തിക്കാട്ടപ്പെടുന്നത് പഞ്ചായത്തുകളിലെ ചെറിയ റോഡുകളിൽ പേവർ ഉപയോഗിക്കാൻ കഴിയാത്തതാണെന്നതാണ്. ഈ വാദം ഓഡിറ്റ് അംഗീകരിക്കുന്നില്ല. മോർഡ് സ്പെസിഫിക്കേഷൻ ഇനം 509.5.4.3 ൽ മെക്കാനിക്കൽ പേവർ, IRC 27 പ്രകാരമുള്ള അത്യാവശ്യ കാര്യങ്ങളുള്ള (Essential Features) വയായിരിക്കണമെന്ന് പ്രതിപാദിക്കുന്നുണ്ട്. IRC 27-2009 (Specifications For Bituminous Macadam) അനുബന്ധം A ഖണ്ഡിക E (H) ൽ പേവർ മെഷീൻ 2.5 മീറ്റർ മുതൽ 4 മീറ്റർ വരേയോ 4 മീറ്റർ മുതൽ 7 മീറ്റർ വരേയോ വീതിയിൽ മെറ്റീരിയൽ വിരിക്കാൻ കഴിവുള്ളതായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നത് ശ്രദ്ധയിൽ പെടുത്തുന്നു.

ഈ പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്തിലെ റോഡുകളിൽ മിക്സഡ് സീൽ സർഫസിംഗ് (മെക്കാനിക്കൽ) ഉപയോഗപ്പെടുത്താതെ മിക്സഡ് സീൽ സർഫസിംഗ് മാന്വൽ രീതി അവലംബിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

റോഡുകളുടെ നിർമ്മിതി - കുറഞ്ഞ ചെലവും ഗുണമേന്മയും മുൻ നിർത്തി MSS (മെക്കാനിക്കൽ) രീതി അവലംബിക്കേണ്ടതാണ്

മോർഡ് സ്പെസിഫിക്കേഷനിൽ ഗ്രാമീണ റോഡുകൾക്ക് ഉപയോഗപ്പെടുത്താവുന്ന പ്രധാനപ്പെട്ട രണ്ടിനങ്ങളിൽ ഒന്ന് മിക്സഡ് സീൽ സർഫസിംഗും (MSS) മറ്റൊന്ന് 20 Mm പ്രീ മിക്സഡ് ചിപ്പിംഗ് കാർപ്പെറ്റുമാണ്. രണ്ടാമത്തേത് ഓപ്പൺ ഗ്രേഡഡ് ആയതിനാൽ ഇതിനു മുകളിൽ സീൽ കോട്ട് എന്ന മറ്റൊരിനം കൂടി നിർവ്വഹിച്ചാലാണ് ടാറിംഗ് പ്രവൃത്തി പൂർത്തിയാകുക. എന്നാൽ രണ്ടാമത്തേത് ക്ലോസ് ഗ്രേഡഡ് ആയതിനാൽ ഇതിനു മുകളിൽ മറ്റൊരു സീൽ കോട്ട് ആവശ്യമില്ല. ഇത് കൊണ്ട് തന്നെ കൂടുതൽ ചെലവേറിയ ഇനം 20 Mm ചിപ്പിംഗ് കാർപ്പറ്റ് ആണെന്ന് കാണാം. ഓപ്പൺ ഗ്രേഡഡ് ആയ 20 Mm ചിപ്പിംഗ് കാർപ്പറ്റിന് ടാക്ക് കോട്ടിന് മുകളിൽ രണ്ടിനങ്ങൾ നിർവ്വഹിക്കേണ്ടതുണ്ട്. ഒന്ന് ചിപ്പിംഗ് കാർപ്പെറ്റും മറ്റേത് സീല് കോട്ടുമാണ്. എന്നാൽ MSS (Mixed Seal Surfacing) സീൽ കോട്ട് ഉൾപ്പടെ ചെയ്യുന്നതിനാൽ ഈ ഒരിനം മാത്രമാണ് ടാക്ക് കോട്ടിന് മുകളിൽ ചെയ്യുന്നത്. ഇത് പരിഗണിക്കുമ്പോൾ 2016 ലെ നിരക്ക് കണക്കാക്കിയാൽ 20 Mm ചിപ്പിംഗ് കാർപ്പറ്റ് നിർവ്വഹിക്കുമ്പോൾ എം സ്ക്വയറന് ഏകദേശം 32% രൂപയുടെ അധിക ചെലവ് വരുന്നുണ്ടെന്ന് കാണുന്നു.

മിക്സഡ് സീൽ സർഫസ് (MSS) എന്ന ഇനത്തിന്റെ മറ്റൊരു പ്രധാന പ്രത്യേകത ഇതിന്റെ പേവിംഗ് നിർവ്വഹിക്കേണ്ടത് ഒരു മെക്കാനിക്കൽ പേവർ (Mechanical Paver) ഉപയോഗിച്ചായിരിക്കണമെന്നതാണ്. (മോർഡ് സ്പെസിഫിക്കേഷൻ, സെക്ഷൻ 507.3 പ്രകാരമുള്ള Construction Operations കാണുക) എന്നാൽ 20mm ചിപ്പിംഗ് കാർപ്പറ്റിന്റെ കാര്യത്തിൽ Construction Operations 506.2.4.6 പ്രകാരമുള്ളതാണ്. ഇത് പ്രകാരം പേവിംഗിൽ കനവും ഗ്രേഡും ക്രോസ് ഫാളും ഉറപ്പാക്കുന്നതരത്തിൽ മിക്സ് ഏകീകൃതമായി നിരത്താനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതായത് ഇവിടെ പേവിംഗ് നിർവ്വഹിക്കുന്നത് മനുഷ്യശേഷി വിനിയോഗിച്ചാണെന്ന് കാണാം. ഈ രണ്ട് രീതികളും അവലംബിക്കുമ്പോൾ നിർമ്മാണശേഷം റോഡിന്റെ പ്രതലത്തിൽ അനുവദിക്കാവുന്ന പരമാവധി നിമ്നോന്മത (Undulations), മോർഡ് സ്പെസിഫിക്കേഷന്റെ ഗുണനിലവാരം സംബന്ധിച്ച് വിശദമാക്കുന്ന സെക്ഷൻ 1800ൽ പ്രതിപാദിച്ചിട്ടുണ്ട്. വിവിധ നിർമ്മിതികളിൽ (സബ്ബേസ്,ബേസ് മുതലായവ) അനുവദിക്കാവുന്ന സർഫസ് ലെവലിലെ പരാമാവധി ടോളറൻസ് 1802.2 നമ്പർ ടേബിളിൽ വിശദമാക്കിയിട്ടുണ്ട്. ഇത് പ്രകാരം മെഷീൻ ഉപയോഗിച്ച് പേവിംഗ് നടത്തുന്ന പ്രീ മിക്സ് ചിപ്പിംഗ് കാർപ്പറ്റ്, MSS എന്നീ ഇനങ്ങളിൽ പരാമാവധി ടോളറൻസ്(tolerance) കൂടിയത് + 6 Mmഉം കുറഞ്ഞത് -6 Mm മാണ്. അതായത് പരാമാവധി അനുവദിക്കാവുന്ന ഉയർന്നതും താഴ്ന്നതുമായ നിമ്നോന്നത (Undulations) മേൽ പറഞ്ഞ അളവുകൾക്കിടയിലുള്ളതാണെന്ന് കാണാം. എന്നാൽ മാന്വൽ രീതിയിൽ പേവിംഗ് നടത്തുമ്പോൾ ഇത് പരാമാവധി +10 Mm ഉം -10 Mm ഇടയിലാണെന്ന് കാണാം. ഇപ്രകാരമുള്ള ഉയർന്ന നിമ്നോന്നത (Undulations) സുഗമമായ യാത്രയ്ക്ക് തടസ്സമാകും. കൂടാതെ മെക്കാനിക്കൽ പേവർ ഉപയോഗിക്കുമ്പോൾ നിർമ്മിതിയിൽ തന്നെ പ്രതലത്തിന്റെ ലെവൽ പരമാവധി ഉറപ്പാക്കപ്പെടുന്നതാണ്. എന്നാൽ മാന്വലായി നിർമ്മിക്കുമ്പോൾ മേൽ പറഞ്ഞ പരമാവധി ടോളറൻസ് (Tolerance) ആയ + 10 Mm ഉം – 10 Mm ഇടയിലാണ് നിർമ്മാണം നടന്നതെന്ന് ഒരു സംവിധാനവും നിലവിൽ ഉറപ്പാക്കുന്നില്ല. ഇത് കൊണ്ട് തന്നെ ഇത്തരം റോഡുകളിൽ നിമ്നോന്നത (Undulations) അനുവദിച്ചതിലും വളരെ കൂടുതൽ വരുന്ന അവസ്ഥാ വിശേഷമുണ്ട്.

മാന്വൽ പേവിംഗ് രീതിയെ അപേക്ഷിച്ച് ചെലവ് കുറവുള്ളതും നിമ്നോന്നത കുറയുന്നതിനാൽ വാഹനഗതാഗതം സുഗമമാക്കുന്നതുമായ MSS എന്ന രീതി പഞ്ചായത്തിലെ റോഡുകളുടെ നിർമ്മിതിയിൽ അവലംബിക്കേണ്ടത് അത്യാവശ്യമാണെന്ന് ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നു.

ഇക്കാര്യങ്ങളിൽ സ്ഥാപനത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ്.

1-19 ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കിയില്ല .

പഞ്ചായത്ത് ജീവനക്കാർക്ക് തൻവർഷം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 1,66,000/- രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 12,000/- രൂപ ഇനിയും തിരികെ ഈടാക്കാനുണ്ട്. 16.08.2023 ലെ 86/2023/ധന നമ്പർ ഉത്തരവിൽ അഡ്വാൻസ് തുക അനുവദിക്കുന്നതിനും ആയത് 5 തുല്യമാസ ഗഡുക്കളായി 2023 ഒക്ടോബർ മാസം മുതലുള്ള ശമ്പളത്തിൽ നിന്നും തിരികെ ഈടാക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ അഡ്വാൻസ് അനുവദിച്ച് തിരികെ ഈടാക്കാത്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പേര് | തസ്തിക | അഡ്വാൻസ് അനുവദിച്ച തുക | തിരികെ ഈടാക്കാനുള്ള തുക |
|---|---|---|---|
| ഫസലു റഹിമാൻ | സീനിയർ ക്ലർക്ക് | 20,000 | 8,000 |

മേൽ ഉത്തരവിലെ വ്യവസ്ഥകൾ വിരുദ്ധമായി തുക തിരികെ ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതും അഡ്വാൻസ് തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ് .

1-20 വികസന ഫണ്ട് ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു

പ്രൊജക്ട് നമ്പർ : 123/22-23

നിർവ്വഹണം : അസിസ്റ്റന്റ് സെക്രട്ടറി

ചെലവു തുക : 2,00,000(പ്രൊസീഡിങ്സ് നമ്പർ 135/24.11.22)

അഗതി ആശ്രയ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുന്നതാണ് പ്രൊജക്ട്. ആയത് പ്രകാരം അസിസ്റ്റന്റ് സെക്രട്ടറി 2,00,000/- രൂപ ഗ്രാമപഞ്ചായത്തിലെ എ.ഡി.എസിന് കൈമാറിയിട്ടുണ്ട്. എ.ഡി.എസിന്റെ ക്യാഷ് ബുക്ക്, പാസ്സ്ബുക്ക് എന്നിവ പരിശോധിച്ചതിൽ 2,00,000/- രൂപയിൽ 52,708/-രൂപ ഇപ്പോഴും എ.ഡി.എസ് പ്രസിഡണ്ടിന്റെയും സെക്രട്ടറിയുടെയും പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (കനറാ ബാങ്ക്, കൂത്താളി ബ്രാഞ്ച്, അക്കൗണ്ട് നമ്പർ 4086101005493) ഇപ്പോഴും നീക്കിയിരിപ്പുള്ളതായി കാണുന്നു. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വികസനഫണ്ട് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 5/22-23 തിയതി 18.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തിരികെ അടവാക്കി രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-21 സ്ഥിര നിക്ഷേപത്തിന് ലഭിച്ചതായി രേഖപ്പെടുത്തിയ പലിശ അതേ തിയ്യതിയിൽ അക്കൗണ്ടിൽ വരവ് വെച്ചില്ല

ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ്, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, എന്നിവ പരിശോധിച്ചപ്പോൾ ചങ്ങരോത്ത് സർവീസ് കോപ്പറേറ്റീവ് ബാങ്കിലെ ഒരു ഫിക്സഡ് ഡെപ്പോസിറ്റിന് ലഭിച്ചതായി രേഖപ്പെടുത്തിയ പലിശ അതേ തിയ്യതിയിൽ അക്കൗണ്ടിൽ വരവു വന്നിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടു.

22-23 വർഷത്തേക്ക് ബാങ്ക് വാഗ്ദാനം ചെയ്ത പലിശ നിരക്ക് 7% ആണ്. നിക്ഷേപ തുക

വർഷത്തേക്കാണ് നിക്ഷേപിച്ചതെങ്കിലും പലിശ മാസ തവണകളായി ഗ്രാമ പഞ്ചായത്തിന്റെ തന്നെ ചങ്ങരോത്ത് സർവീസ് കോപ്പറേറ്റീവ് ബാങ്കിലുള്ള തനതുഫണ്ട് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 5503) വരവ് വെക്കുകയാണ് ചെയ്യുന്നത്. സ്ഥിരനിക്ഷേപത്തിന്റെ ലഡ്ജർ ബാങ്കിൽ നിന്നും ലഭ്യമാക്കിയത് പരിശോധിച്ചപ്പോൾ നിക്ഷേപങ്ങൾക്കുള്ള പ്രതിമാസ പലിശ പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായാണ് രേഖപ്പെടുത്തിക്കാണുന്നത്. പലിശ തനതുഫണ്ട് അക്കൗണ്ടിലേക്ക് വരവ് വന്നതിന്റെ കൃത്യത പരിശോധിച്ചപ്പോൾ ചുവടെ ചേർക്കുന്ന തിയ്യതികളിലുള്ള പലിശ തനതുഫണ്ട് അക്കൗണ്ടിൽ അതേ തിയ്യതിയിൽ വരവ് വന്നിട്ടില്ല എന്ന് കാണുന്നു. വിശദാംശം ചുവടെ

| സ്ഥാപനം | നിക്ഷേപ രശീത്/സർട്ടിഫിക്കറ്റ് നമ്പർ | നിക്ഷേപിച്ച തുക | പലിശ കാലയളവ് | തനതു ഫണ്ട് അക്കൗണ്ടിൽ പലിശ വരവ് വെച്ചതായി രേഖപ്പെടുത്തിയ തീയതി | വാഗ്ദാനം ചെയ്ത നിരക്കിൽ തിരികെ ലഭിക്കേണ്ട പലിശ |
|---|---|---|---|---|---|
| ചങ്ങരോത്ത് സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 0102009875 | 5,00,000 | 13.07.22 മുതൽ 13.08.22 വരെ | 16.08.22 | 2916 |
| | | | 13.8.22 മുതൽ 13.9.22 വരെ | 13.9.22 | 2917 |
| ആകെ കുറവ് | | | | | 5833 |

16.08.22 & 13.9.22 എന്നീ തിയ്യതികളിൽ വരവു വന്നതായി രേഖപ്പെടുത്തിയ പലിശയിനത്തിൽ കുറവ് വന്ന തുക 5,833/- രൂപ യഥാർത്ഥത്തിൽ അക്കൗണ്ടിൽ വരവ് വന്നത് 31.3.23 നാണ്

മുൻ വർഷത്തെ സ്ഥിരനിക്ഷേപങ്ങൾക്കും വാഗ്ദാനം ചെയ്ത പലിശ ലഭിക്കാത്തതും അതു വഴി ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടവും ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടും തുടർവർഷങ്ങളിലും ലഭിക്കേണ്ട പലിശ യഥാസമയം ലഭിച്ചോ എന്നത് പരിശോധിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ച് വിവരം അറിയിക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

1-22 കരാറിലെ വ്യവസ്ഥകൾ കാലാനുസൃതമല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി .എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ കരാർ വച്ചത് നിലവിലെ സാഹചര്യത്തിന് അനുസൃതമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടല്ലെന്ന കാണുന്നു. കരാറിന്റെ അന്തസത്ത സമയമാണെന്നിരിക്കെ പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നതിലും പ്രവൃത്തികൾ നിർവ്വഹിക്കേണ്ട സ്പെസിഫിക്കേഷൻ പ്രതിപാദിക്കുന്നതിലുമാണ് പ്രധാനമായും അപാകത കാണുന്നത്. വിശദാംശം താഴെ കൊടുക്കുന്നു.

സ്പെസിഫിക്കേഷൻ

എല്ലാ പ്രവൃത്തികളുടേയും കരാറുടമ്പടി ഒരേ ഫോറത്തിൽ തന്നെയാണ് തയ്യാറാക്കിവരുന്നത്. ഈ എഗ്രിമെന്റിലെ നാലാമത്തെ വ്യവസ്ഥയിൽ, പ്രവൃത്തിക്ക് ആവശ്യമായ സാധനങ്ങളുടെ ഗുണനിലവാരം, പ്രവൃത്തിയുടെ ഗുണനിലവാരം, പ്രവൃത്തിയുടെ അളവുകൾ, കരാറുടമ്പടിയുടെ ഭാഗമായി വരുന്ന നിബന്ധനകൾ എന്നിവയെല്ലാം കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണെന്നും ഈ നിബന്ധനകൾ കരാറുകാരൻ വായിച്ച് മനസ്സിലാക്കിയിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ തദ്ദേശ ഭരണസ്ഥാപനങ്ങളിൽ 2014-15 വർഷം മുതൽക്കുതന്നെ ഡെൽഹി അനാലിസിസ് ഓഫ് റേറ്റും (DAR) ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റും (DSR) ബാധകമാക്കിയിട്ടുണ്ട്. ഡെൽഹി അനാലിസിസ് ഓഫ് റേറ്റ് എന്ന ഡാറ്റാ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് CPWD സ്പെസിഫിക്കേഷനെയാണെന്ന കാണാം. കൂടാതെ ഗ്രാമീണ റോഡുകളുടെ നിർമ്മിതിക്ക് മോർഡ് സ്പെസിഫിക്കേഷനാണ് നിലവിൽ ഉപയോഗിച്ചുവരുന്നത്. മേൽ സ്പെസിഫിക്കേഷനുകൾക്ക് അനുസൃതമായി പ്രവൃത്തികൾ നിർവ്വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് പകരമാണ് കാലഹരണപ്പെട്ട കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രതിപാദിച്ചിരിക്കുന്നത്.

പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം

പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്നത് ശ്രദ്ധേയമാണ്. പ്രവൃത്തി, അംഗീകരിക്കപ്പെട്ട പ്ലാൻ, എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ അനുസരിച്ചും പ്രവൃത്തിവിവര പട്ടിക, പ്രവർത്തനകലണ്ടർ പ്രകാരവും കരാർ നിരക്കനുസരിച്ചും എഞ്ചിനീയറുടെ നിർദ്ദേശപ്രകാരവും കരാറുകാരൻ പൂർത്തിയാക്കുമെന്നാണ് വ്യവസ്ഥകളിൽ രണ്ടാമതായി പ്രതിപാദിച്ചിരിക്കുന്നത്. എന്നാൽ ഇപ്രകാരം പ്രവൃത്തി വിവര പട്ടികയോ, പ്രവർത്തന കലണ്ടറോ കരാറിൽ ഉൾക്കൊള്ളിച്ചിട്ടില്ല. പ്രവൃത്തിയുടെ പ്രൊജക്റ്റ് കരാറിന്റെ ഭാഗമായി പരിഗണിച്ചാൽ തന്നെ മിക്ക പ്രവൃത്തികളുടേയും കാര്യത്തിൽ കരാർ തീയതി പരിഗണിക്കുമ്പോൾ പ്രൊജക്റ്റിലെ പ്രവൃത്തി പൂർത്തീകരണ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയെന്നത് അസംഭാവ്യമാണെന്ന് കാണാം. ഉദാഹരണമായി ഓഡിറ്റ് വർഷം രൂപീകരിച്ച 6 പ്രൊജക്റ്റുകൾക്ക് കരാർ വച്ചിരിക്കുന്നത് മാർച്ച് മാസത്തിലാണ്. എന്നാൽ ഈ പ്രവൃത്തികളെല്ലാം 31.03.23ന് പൂർത്തീകരിക്കുമെന്നാണ് കരാറുകാർ ഉറപ്പ് നല്കിയിരിക്കുന്നത്. കരാർ നിഷ്കർഷിക്കുന്ന എഞ്ചിനീയറോ കരാർ ഒപ്പിടുന്ന കരാറുകാരനോ ഇത്തരത്തിലുള്ള വസ്തുതകളുടെ സാംഗത്യം പരിശോധിക്കുന്നില്ലയെന്നത് വീഴ്ചയാണ്.

പ്രവർത്തി തൃപ്തികരമായി പൂർത്തീകരിക്കുന്നതിലും മറ്റ് ബന്ധപ്പെട്ട കാര്യങ്ങളിലും സ്ഥാപനത്തിന് കരാറുകാരുമായി ഉണ്ടാകാനിടയുള്ള അഭിപ്രായ ഭിന്നതകൾ കോടതി സമക്ഷം എത്തുമ്പോൾ ഏറ്റവും പ്രധാനമായി പരിഗണിക്കപ്പെടുന്നത് ഇരുകക്ഷികളും ചേർന്ന് ഒപ്പിടുന്ന കരാറാണെന്നിരിക്കെ കരാറിലെ വ്യവസ്ഥകൾ ഇപ്രകാരം അശ്രദ്ധമായി തയ്യാറാക്കാനിടയാക്കിയ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. കൂടാതെ അപാകത പരിഹരിച്ച് കരാറുകളിലെ വ്യവസ്ഥകൾ കാലികമാക്കി മാത്രം തുടർന്നുള്ള പ്രൊജക്റ്റുകൾ നടപ്പിലാക്കേണ്ടതാണ്.

## 1-23 തനത് ഫണ്ട് ചെലവുകളുടെ കാര്യത്തിൽ നടപടിക്രമങ്ങൾ പാലിക്കുന്നില്ല

തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ നിർവ്വഹിച്ചിരിക്കുന്നത് നടപടിക്രമങ്ങൾ പാലിച്ചാണോയെന്ന് ഫയലുകൾ/വൗച്ചറുകളിൽ നിന്നും വ്യക്തമല്ല. എല്ലാ ചെലവുകളുടേയും നടപടിക്രമങ്ങൾ ആരംഭിക്കുന്നത് തന്നെ ചെലവിനുള്ള ക്ലെയിം (ബിൽ,പേമന്റ് റിക്വസ്റ്റ്) ഓഫീസിൽ സമർപ്പിക്കപ്പെടുമ്പോഴാണ്. ഇതുകൊണ്ട് തന്നെ പേമന്റ് സമയത്ത് പേമെന്റ് നടത്തപ്പെടുന്ന സേവനത്തിന്റെ/സാധനത്തിന്റെ ആവശ്യകതയുണ്ടോ, ആവശ്യകത എവിടെ നിന്നു ഉയർന്നു വന്നു, വലിയ പർച്ചേസുകളുടെ കാര്യത്തിൽ ഭരണസമിതി/ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തുടങ്ങിയവയുടെ അംഗീകാരമുണ്ടോ തുടങ്ങിയ കാര്യങ്ങൾ വെളിവാക്കപ്പെടുന്നില്ല. ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയർ വിന്യസിപ്പിച്ചിട്ടും ഇത്തരം നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നില്ലെന്നത് വീഴ്ചയാണ്. ഇത്തരത്തിൽ ഒരു സേവനത്തിനോ സാധനത്തിനോ പേമെന്റ് നടത്തുമ്പോൾ അതിന് അംഗീകാരം നല്കുന്ന മേൽ നോട്ട സംവിധാനത്തിലെ വിവിധ തട്ടുകളായ ജെ.എസ്/എച്ച്.സി, സെക്രട്ടറി, പ്രസിഡന്റ് എന്നിവർക്ക് ചെലവുമായി ബന്ധപ്പെട്ട മേല്പറഞ്ഞ കാര്യങ്ങളൊന്നും അറിയാൻ കഴിയുന്നില്ലെന്നത്, ക്രമക്കേടിനുള്ള സാധ്യത കൂട്ടുന്നതാണ്. ഒരു അപേക്ഷ/ആവശ്യം ഓഫീസിൽ സ്വീകരിക്കപ്പെടുമ്പോൾ അത് തീർപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങളിൽ, ആവശ്യമുണ്ടെങ്കിൽ മാത്രമുള്ള ഒരു ഘടകം മാത്രമാണ് തുക സ്വീകരിക്കുന്നതോ, ചെലവഴിക്കുന്നതോ എന്ന കാര്യം ഇവിടെ ശ്രദ്ധേയമാണ്. പേമെന്റ് വൗച്ചറുകളുടെ കാര്യത്തിൽ ഇപ്രകാരം ഫയൽ നടപടികളില്ലാതെ തുക ചെലവഴിക്കേണ്ടി വന്ന സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 1-24 അക്കൗണ്ട്സ്-തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ രേഖപ്പെടുത്തുന്നത് അക്കൗണ്ടിംഗ് ചട്ടങ്ങൾക്കനുസൃതമല്ല

തനത് ഫണ്ടിൽ നിന്നും റവന്യൂ ചെലവുകൾ വഹിക്കുമ്പോൾ അവ സാംഖ്യ സോഫ്റ്റ് വെയറിൽ ചെലവായി രേഖപ്പെടുത്തുന്നതിൽ അക്കൗണ്ടിംഗ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നില്ലെന്ന് കാണുന്നു. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, 2011 ലെ ചട്ടം 27 ൽ ചെലവുകളുടെ അക്കൗണ്ടിംഗ് എങ്ങിനെയെന്ന് വിശദമാക്കുന്നുണ്ട്. ഇത് താഴെ കൊടുത്ത പ്രകാരമാണ്.

പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള ഏതൊരു ചെലവും വർക്ക് ഓർഡർ/ സപ്ലൈ ഓർഡർ/ഇന്റന്റ് പരിശോധിച്ച ശേഷം ക്രമത്തിലാണെന്ന് ബോധ്യപ്പെട്ടാൽ ഒരു ജേണൽ വൗച്ചർ വഴി അക്രൂ ചെയ്യേണ്ടതാണ്. എന്നാൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുടെ കാര്യത്തിലും വർക്ക് ഓർഡറിന്റേയും കരാറുകാരന്റെ ബില്ലിന്റേയും പിൻബലത്തോടെയുള്ള സാധനങ്ങളും സേവനങ്ങളും ലഭിച്ചത് സംബന്ധിച്ച ചെലവുകളുടെ കാര്യത്തിലും മാത്രമേ ഇത്തരം അക്രൂവൽ പതിവായി രേഖപ്പെടുത്തുവാൻ പാടുള്ളൂ. മറ്റ് റവന്യൂ ചെലവുകളുടെ കാര്യത്തിൽ പണം നല്കുമ്പോൾ മാത്രമേ ചെലവ് രേഖപ്പെടുത്താവൂ. കൊടുത്തു തീർക്കാൻ ബാക്കിയുള്ള തുകകൾ വർഷാന്ത്യത്തിൽ മാത്രമേ അക്രൂ ചെയ്യേണ്ടതുള്ളൂ.

വ്യവസ്ഥ ഇതായിരിക്കെ തനത് ഫണ്ടിൽ നിന്നുള്ള എല്ലാ റവന്യൂ ചെലവുകളും ജേണൽ വഴി അക്രൂ ചെയ്ത് ബാധ്യതയാക്കി മാറ്റി ഈ ബാധ്യത തീർക്കുന്ന തരത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.അക്രൂ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തവയൊഴികെയുള്ള റവന്യൂ ചെലവുകൾ വർഷാന്ത്യത്തിൽ നല്കാൻ ബാക്കിയാകുന്നുവെങ്കിൽ മാത്രം അക്രൂ ചെയ്താൽ മതിയെന്നിരിക്കെ നിലവിൽ അക്കൗണ്ട് ചെയ്യപ്പെടുന്നത് മേൽ ചട്ടത്തിന് വിരുദ്ധമാണെന്നു കാണാം. എല്ലാ റവന്യൂ ചെലവുകളും മറ്റ് ക്രഡിറ്റേഴ്സിന് നല്കാനുള്ള തുക

(Amount Payable To Other Crediteors) എന്ന ബാധ്യത ഹെഡ്ഡിൽ രേഖപ്പെടുത്തുന്നതിനാൽ തുക ആർക്ക് എന്തിനുവേണ്ടി നല്കിയെന്ന് ഭരണസമിതിയംഗങ്ങൾ ഉൾപ്പടെയുള്ള സ്റ്റേക്ക് ഹോൾഡർമാർക്ക് കണക്കുകളിൽ നിന്നും തിരിച്ചറിയാൻ കഴിയാതെ വരുന്നു.

മേൽ സാഹചര്യത്തിൽ ചട്ടങ്ങൾക്ക് വിരുദ്ധമായും സുതാര്യത പ്രത്യക്ഷത്തിൽ ബോധ്യപ്പെടാത്ത തരത്തിലും കണക്കുകൾ സൂക്ഷിക്കുന്നതിന് വിശദീകരണം നല്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന് നേരിട്ട് സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്താൻ കഴിയില്ലെങ്കിലും അപാകത ബന്ധപ്പെട്ട വേദികളിൽ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കേണ്ടതായിരുന്നു എന്ന കാര്യം കൂടി ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

### 1-25 ഫയൽ നടപടികൾ പൂർണ്ണമായും ILGMSൽ - എല്ലാ പ്രവർത്തനങ്ങളും ഓഡിറ്റ് ചെയ്യപ്പെട്ടില്ല

സ്ഥാപനത്തിന്റെ ധനപരവും ഭരണപരവുമായ എല്ലാ പ്രവർത്തനങ്ങളും ഓഡിറ്റ് വർഷത്തിൽ ILGMS സോഫ്റ്റ്‌വെയർ വഴിയാണ് നിർവ്വഹിക്കപ്പെട്ടത്. ഓഡിറ്റ് നിർവ്വഹിക്കുന്നതിന് ഈ സോഫ്റ്റ്‌വെയറിൽ ഓഡിറ്റർക്ക് ലോഗിൻ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഇതിൽ സാമ്പത്തിക ഇടപാടുകൾ ഉള്ള ഫയലുകൾ മാത്രമാണ് നിലവിൽ കാണാൻ സാധ്യമാകുന്നത്. ഇതുമൂലം സാമ്പത്തിക ഇടപാടുകൾ ഇല്ലാത്ത ഭരണപരമായ നടപടികളൊന്നും തന്നെ ഓഡിറ്റിന്റെ ശ്രദ്ധയിൽ വരുന്നില്ല. പരാതികൾ, വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ, പെൻഷൻ അപേക്ഷകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ഫയലുകൾ ചില ഉദാഹരണങ്ങളാണ്. നിലവിലെ പ്രസക്തമായ നിയമങ്ങളും ചട്ടങ്ങളും മാന്വലുകളും പ്രകാരം സ്ഥാപനത്തിന്റെ എല്ലാ പ്രവർത്തനങ്ങളും ഓഡിറ്റിന് വിധേയമാക്കേണ്ടതുള്ളതിനാൽ ഓഡിറ്റർ ലോഗിനിൽ എല്ലാ വിവരങ്ങളും ലഭ്യമാകാത്തത് ഓഡിറ്റിന് തടസ്സമായിട്ടുണ്ട്. ഈ പരിമിതിയിലാണ് ഓഡിറ്റ് നിർവ്വഹിക്കപ്പെട്ടത് എന്നതറിയിക്കുന്നതിനൊപ്പം തന്നെ ലോഗിനിൽ എല്ലാ വിവരങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണെന്നും അറിയിക്കുന്നു. ഇക്കാര്യത്തിലുള്ള സ്ഥാപനത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 12.10.2023-20.10.2023 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1580000 | ലൈഫ് ഭവന പദ്ധതി (പട്ടികജാതി) | 1580000 | 0 |
| | 2022-23 | 180000 | ലൈഫ് ഭവന പദ്ധതി (പട്ടികവർഗ്ഗം) | 180000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 280000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ- സബ്സിഡി | 280000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 326600 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 326600 | 0 |
| ബ്ലോക്ക് | 2022-23 | 200000 | മിൽക്ക് | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | ഇൻസെന്റീവ് | | |
| | | | | | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 50000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ-സബ്സിഡി | 50000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1040000 | ലൈഫ് ഭവന പദ്ധതി (പട്ടികജാതി) | 1040000 | 0 |
| | | 890000 | ലൈഫ് ഭവന പദ്ധതി (പട്ടികവർഗ്ഗം) | 890000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 30000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 30000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 410000 | മിൽക്ക് ഇൻസെന്റീവ് | 410000 | 0 |
| | | | | | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്. | എഫ്. എച്ച്. സി ക്ക് | 100000 | 43228 | 56772 |

| | | | | |
|---|---|---|---|---|
| ഇ.ബി | ത്രീ ഫെയ്സ് കണക്ഷൻ | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ.വായ്പയുടെ പേര്/ ഉദ്ദേശ്യം

| | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ (എം.എസ്) 68/2018. ത.സ്വ.ഭ.വ തീയതി-18/05/2018 | 160000 | 2,55,69,706 | 27,93,058 | | 2,29,36,648 |

ലോൺ രജിസ്റ്റർ പ്രകാരം 2,55,69,706 രൂപയായിരുന്നു 2021-22 വർഷം തിരിച്ചടക്കാൻ ബാക്കി, എന്നാൽ മുൻവർഷ റിപ്പോർട്ടിൽ ലോൺ രജിസ്റ്റർ പ്രകാരം 2,57,86,259/- രൂപയാണ് തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത് എന്നാണ് രേഖപ്പെടുത്തിയത്.

2022-23 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-5 പ്രകാരം Loans From KURDFC ഇനത്തിൽ തിരിച്ചടയ്ക്കാനുള്ളത് 2,29,46,648/- രൂപയാണ്. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം 2,29,36,648/-രൂപയാണ് തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത്.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 50,10,000 |
| തൻവർഷം നിക്ഷേപിച്ച തുക | 5227497 |
| ആകെ | 10237497 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10237497 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | രശീതി നമ്പർ/ തിയ്യതി | തുക |
|---|---|---|---|
| 1 | ഇഎം.എസ് കോപ്പറേറ്റീവ് ഷെയർ | ------------- | 10000 |
| 2 | ചങ്ങരോത്ത് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 14289/ 04.08.22 | 1000000 |
| 3 | | 14290/ 04.08.22 | 1000000 |
| 4 | | 14291/ 04.08.22 | 1000000 |
| 5 | | 14292/ 04.08.22 | 1000000 |
| 6 | | 14293/ 04.08.22 | 1000000 |
| 7 | | 9866/12.03.23 | 523333 |
| 8 | | 9867/12.03.23 | 523333 |
| 9 | | 9868/12.03.23 | 523333 |
| 10 | | 9869/12.03.23 | 523333 |
| 11 | | 9870/12.03.23 | 523333 |
| 12 | | 9871/12.03.23 | 523333 |
| 13 | | 9872/12.03.23 | 523333 |
| 14 | | 9873/12.03.23 | 523333 |
| 15 | | 9874/12.03.23 | 523333 |
| | | 9875/13.3.23 | 517500 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3153/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2021-22 | 1-10 | 696 | മൂസ | 1220202182 Dtd-14.12.2022 |
| 2021-22 | 1-10 | 1647 | അലീന ഫാത്തിമ | 1220202290 Dtd-19.12.2022 |
| 2021-22 | 1-11 | 260 | അലീന ഫാത്തിമ | 1220202291 Dtd-19.12.2022 |
| മുൻവർഷ ഓഡിറ്റ് | | 250 | സ്റ്റേഷ ൻ | 1220104624 |

| | | | |
|---|---|---|---|
| സമയത്ത് ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് അടവാക്കിയത്. | | ഹൗസ് ഓഫീസർ | Dtd-07.12.2022 |
| | 300 | വെറ്റിനറി സർജൻ | 1220104628 Dtd-07.12.2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2001-02 | 4.2.8 | 2014-15 (പ്രവർത്തന ക്ഷമതാ റിപ്പോർട്ട്) | | ആർ.എം.എഫ്. ൽ ഒടുക്കിയ തുക കുറവ് |
| | 5.7.1 | | | മൃഗസംരക്ഷണം നീക്കി വെയ്ക്കുന്ന തുകകൾ പരിമിതം |
| | 5.7.3 | | | മൃഗസംരക്ഷണ പദ്ധതി നാമമാത്രം, പദ്ധതി നടത്തിപ്പിലെ കാര്യക്ഷമതയില്ലായ്മ |
| | 5-7.12 | | | കർഷകർക്ക് പരിശീലനം നൽകിയില്ല, ഗോരക്ഷാ ക്യാമ്പ് നടത്തിയില്ല, സംസ്ഥാന വിഹിതം ലഭ്യമാക്കാത്തതിലെ കാലതാമസം, കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നില്ല |
| 2015-16 | 2-3 | 2016-17 | അനുബന്ധം - 5 | തൊഴിൽ നികുതി അപാകതകൾ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,52,21,334 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,88,76,864 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,62,525 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-9 | 171370 | ശ്രീമതി.രതീദേവി.എം<br>സെക്രട്ടറി |
| 1-10 | 182732 | ശ്രീമതി. രതീദേവി.എം,<br>സെക്രട്ടറി |
| 1-11 | 8423 | ശ്രീ.അരുൺ ജോസ് , കൃഷി ഓഫീസർ |
| ആകെ | 362525 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും

സ്ഥിരം മേൽവിലാസവുംപേരും ഉദ്യോഗപ്പേരും

| | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി . രതീദേവി.എം സെക്രട്ടറി | സെക്രട്ടറി, വാഴയൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം | വൈഷ്ണവം, കളത്തിങ്ങൽ പറമ്പ്, വള്ളിക്കുന്ന്(പി.ഒ) പന്തീരാങ്കാവ്, കോഴിക്കോട് |
| ശ്രീ.അരുൺ ജോസ്, കൃഷി ഓഫീസർ | വിലാസം ലഭ്യമല്ല | പണ്ണിക്കുത്തിമാക്കൽ, പോരൂർ, കാട്ടിമൂല. പി.ഒ, വയനാട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1998-99 | കെ.എസ്.എ.കെ.കെ.ഡി.പി4/ | 3 | 39, 43, 44 |

| | | | |
|---|---|---|---|
| | 534/18(4)തീ.5.6.2018 | | |
| 1999-00 | കെ.എസ്.എ.കെ.കെ.ഡി.പി7/<br>877/19(4)തീ.08.02.21 | 1 | 36 |
| 2001-02(ചെലവ്) | കെ.എസ്.എ.കെ.കെ.ഡി.പി7/<br>172/2022തീ.02.03.23 | 8 | 2-1(എ),<br>2-1(ബി), 2-2,<br>2-3, 2-4, 2-5,<br>2-12,2-14 |
| 2001-02 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി.പി2/<br>832/03 തീ-11.11.2005 | 5 | 6, 8, 9, 10, 11 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി7/<br>172/2022(5)തീ.03.03.23 | 13 | 2-10, 2-11, 2-12,<br>2-13,<br>2-14, 3-5,<br>3-6,3-8,<br>3-11, 3-16, 3-19,<br>3-20, 3-26 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി7/<br>172/2022(6)തീ.03.03.23 | 4 | 3-2, 3-7, 3-18,<br>3-19 |
| 2010-11, 2011-12 | കെ.എസ്.എ.കെ.കെ.ഡി.പി7/<br>172/2022(9)തീ.02.03.22 | 2 | 3-8, 3-10, |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി7/<br>172/2022(10)തീ.08.03.22 | 4 | 2-3, 3-1,<br>3-13, 3-15, |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി7/<br>172/2022(11)തീ.08.03.23 | 3 | 3-1, 3-2, 3-6, |
| 2015-16 | *കെ.എസ്.എ.കെ.കെ.ഡി.പി7/<br>172/2022തീ.08.03.23* | 5 | 2-3(1,2),3-5,<br>3-7,<br>3-8,3-13 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി7/<br>172/2022(13)തീ.08.03.23 | 1 | 3-1 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി7/<br>172/2022(14)തീ.09.03.23 | 14 | 1-6,<br>1-10(1,3,5,7,9, |

| | | | |
|---|---|---|---|
| | | | 10,13,14), 1-12, 2-1-1, 2-2, 2-3(1,2), 2-6, 3-1(2,3,4) 3-3(1,2,3,4), 3-4, 3-7, 3-8, 3-9,3-13 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി7/ 172/2022(15)തീ.14.03.23 | 4 | 1-7, 1-9(1-5), 1-20, 1-21, |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി7/ 172/2022(16)തീ.15.03.23 | 7 | 1-2(7,8,9), 1-5 (എ,ബി,സി), 1-6, 1-7(4,5), 1-9, 1-10, 1-13 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി.7/ 1111/2022 തീ-02.06.2023 | 29 | 1-1(1,3,4,5), 1-2, 1-4, 1-5, 1-6, 1-7, 1-8, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-17, 1-18, 1-19, 1-20, 1-23, 1-24, 1-25, 1-27, 1-28, ,1-29, 3-1,4-11 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി.പി7/ 2393/2022തീ.27.05.23 | | 1-1,1-2-1,1-4-1, 1-9,1-10 മുതൽ 1-37 വരെ, 4-8,4-11 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# Annexure 1

# Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 30-06-2023 and submitted on 03-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Changaroth Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Changaroth Grama Panchayat for the year 2022-2023

Date: 02/12/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Changaroth Grama Panchayat for the Year 2022-2023.

**1.Major Observations**

1.The Mandatory financial statements prescribed in accounting rules are not submitted for audit (eg:-Ratios and Notes)

2.Non disclosure Of Liability

**2.Other Observations**

1.Cashflow statement-Net increase/ Decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents .

2.E- Tender Fee does not Accounted

3.Non disclosure Of Investment

4.Non disclosure Of Liability

5.Unutilised grant amount does not match with Accounts.

6. Advance Registers , does not match with Accounts.

7.Loan Register , does not match with Accounts.

8.Stock Register , does not match with Accounts.

9.Misclassification of Receipt Voucher

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്